കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-കെ.എൽ.എം-പി.11/1034/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല
തീയതി - 20.11.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വെട്ടിക്കവല ബ്ലോക്ക്പഞ്ചായത്ത് - 2018-2019 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.കെ.എൽ.എം.പി11/1034/2020, തീയതി - 20.11.2020

**<u>കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ</u>**

**<u>2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.2018 മുതൽ 31.08.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിൻറെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ. പി. മാത്യുറോയ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14-09-2020 മുതൽ 18-09-2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സജികുമാർ. ജി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. ചന്ദ്രപ്രകാശ്. സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. സുബി. എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. റജിന. എ. എസ്. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ആർ. ദീപ | 01.04.2018 മുതൽ 24.09.2018 വരെ |
| | അഡ്വ. പി. കെ. ജോൺസൺ | 25-09-2018 മുതൽ 23-10-2018 വരെ |
| | ശ്രീമതി. കെ. ചന്ദ്രകുമാരി | 24-10-2018 മുതൽ 31-03-2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| സെക്രട്ടറി | ശ്രീ. വിഷ്ണു. ആർ. | 01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. മിത. വി. ധരൻ | 01-04-2018 മുതൽ 18-06-2018 വരെ |
| | ശ്രീമതി. ബർഗീസ്. എം. | 18-06-2018 മുതൽ 14-08-2018 വരെ |
| | ശ്രീമതി. മിത. വി. ധരൻ | 14-08-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഒസീലബീവി. ഇ. | 01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ. | ശ്രീ.എ. ജി. അനിൽകുമാർ | 01-04-2018 മുതൽ 5.10.2018 വരെ |
| | ശ്രീ. അജിത്കുമാർ. പി. വി. | 6.10.2018 മുതൽ 31-03-2019 വരെ |
| സി.ഡി.പി.ഒ | ശ്രീമതി. വത്സമ്മ. പി. എസ്. | 01-04-2018 മുതൽ 29-06-2018 വരെ |
| | ശ്രീമതി. രമ്യ. ആർ. | 29-06-2018 മുതൽ 05-07-2018 വരെ |
| സി.ഡി.പി.ഒ, അഡീഷണൽ | ശ്രീമതി. ഷീജ. പി. | 05-07-2018 മുതൽ 08-07-2018 വരെ |
| | ശ്രീമതി. സാവിത്രിദേവി. കെ. | 09-07-2018 മുതൽ 31-03-2019 വരെ |
| | ശ്രീമതി. ശ്രീജ. പി. | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കുളക്കട) | ഡോ. നിഷാകുമാരി | 01-04-2018 മുതൽ 26-04-2018 വരെ |
| | | |

| | | |
|---|---|---|
| | | 19.07-2018 മുതൽ 16-10-2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കുളക്കട) | ഡോ. അഞ്ജു വിജയൻ | 26-04-2018 മുതൽ 18.07-2018 വരെ |
| | | 17-10-2018 മുതൽ 31-03-2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. അശ്വതി. എസ്. നായർ | 01-4-2018 മുതൽ 31-03-2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. സുനിൽ കുമാർ | 01-4-2018 മുതൽ 31-03-2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. സുബിൻ. എസ്. | 01-4-2018 മുതൽ 31-03-2019 വരെ |
| സീനിയർ വെറ്റിനറി സർജൻ | ഡോ. നിസാം. എം. എ. | 01-4-2018 മുതൽ 31-03-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷികകണക്കുകളിലെ അപാകതകൾ | 1-9 |
| 10 | ഓട്ടോറിഫ്രാക്ടോമീറ്റർ പർച്ചേസ് ചെയ്തതിലെ അപാകത | 1-10 |
| 11 | ഗുണഭോക്താക്കളെ രണ്ടു ഘട്ടമായി നിശ്ചയിച്ചതിനാൽ ഒരേ പദ്ധതിയിൽ വ്യത്യസ്ത വിലകളിൽ കമ്പ്യൂട്ടർ വാങ്ങേണ്ടി വന്നു. | 1-11 |
| 12 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിൽ അധികച്ചെലവ്. | 1-12 |
| 13 | കോൺഫറൻസ് ഹാളിൽ ആധുനിക മൈക്ക്സെറ്റ് (20/19) | 1-13 |

| | | |
|---|---|---|
| | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കിയിട്ടില്ല, 12,837/- രൂപാ തടസ്സപ്പെടുത്തുന്നു. | |
| 14 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, 18,12,890/- രൂപ തടസ്സപ്പെടുത്തുന്നു | 1-14 |
| 15 | സെന്റേജ് ചാർജ്ജായി അധികം നല്കി | 1-15 |
| 16 | ലൈബ്രറികൾക്ക് ഉപകരണങ്ങൾ വാങ്ങിയതിൽ അപാകതകൾ | 1-16 |
| 17 | ഇ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-17 |
| 18 | പോറ്റിമുക്ക്-ചെറുവല്ലൂർ റോഡ് പുനരുദ്ധാരണംകാലി ബാരൽ വില ഈടാക്കിയിട്ടില്ല | 1-18 |
| 19 | യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല, അനുവദനീയമായ തീയതിക്കുശേഷം കരാറിലേർപ്പെട്ടു | 1-19 |
| 20 | പ്രോജക്ട്-താഴേത്തട്ടിലെ യുവജനങ്ങൾക്ക് ഐ.എ.എസ്/ കെ.എ.എസ് പരിശീലനം (36 /19), അപാകതകൾമൂലം 4,01,200/- രൂപ തടസ്സപ്പെടുത്തുന്നു. | 1-20 |
| 21 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, 4,28,992/- രൂപ തടസ്സപ്പെടുത്തുന്നു | 1-21 |
| 22 | ബാങ്ക് ലോൺ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല - 7 ,00,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-22 |
| 23 | പി.എസ്.സി. കോച്ചിംഗ്/എൻട്രൻസ് പരിശീലനം പദ്ധതികളിൽ അപാകതകൾ - 7,05,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 24 | ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ആസ്തി ആർജ്ജിക്കുന്നതിന് പൊതുപണം ചെലവഴിച്ചു - 34,23,467/- രൂപ തടസ്സപ്പെടുത്തുന്നു | 1-24 |
| 25 | മൊബൈൽ വെറ്ററിനറി ക്ലീനിക് - ക്ലീനിക്ക് പ്രവർത്തിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-25 |
| 26 | എന്റർപ്രണർഷിപ്പ് ഫെസിലിറ്റേറ്റിംഗ് സെന്റർ - പദ്ധതി പൂർത്തീകരിച്ചില്ല. | 1-26 |
| 27 | പി.എം.എ.വൈ. (എസ്.സി.പി) ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു. | 1-27 |
| 28 | ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-28 |

| | | |
|---|---|---|
| 29 | ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ കേരകൃഷി - ഡ്രിപ്പ് ഇറിഗേഷൻ - പ്രവർത്തനം പൂർണതോതിലല്ല. | 1-29 |
| 30 | തേനീച്ച കൃഷി- നടപടി ക്രമങ്ങൾ പാലിക്കാതെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തു | 1-30 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 31 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിൽ അപാകത - 51084/- രൂപ നിരാകരിക്കുന്നു | 3-1 |
| 32 | കേരള വാട്ടർ അതോറിറ്റിയിൽ സെന്റേജ് ചാർജ്ജായി അധികം നല്കിയിട്ടുള്ള 18,651/- രൂപ നിരാകരിക്കുന്നു. | 3-2 |
| 33 | പോറ്റിമുക്ക്-ചെറുവല്ലൂർ റോഡ് പുനരുദ്ധാരണംകാലി ബാരൽ വില ഈടാക്കിയിട്ടില്ല, 8,430/- രൂപയുടെ നഷ്ടം | 3-3 |
| 34 | ലൈബ്രറിക്ക് ഉപകരണങ്ങൾ (26/19), അപാകതകൾ മൂലം 33,640/- രൂപ നിരാകരിക്കുന്നു. | 3-4 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 35 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 36 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 39 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 40 | സ്ഥിര നിക്ഷേപം | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 46 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |

<u>ഭാഗം -1</u>

# <u>ഓഡിറ്റ് റിപ്പോർട്ട്</u>

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 27.03.18 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 26.02.19 തീയതിയിലെ1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.19 | 25.04.19 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 50142515/- രൂപ |
| വരവ് | 166518582/- രൂപ |
| ആകെ | 216661097/- രൂപ |
| ചെലവ് | 164706977/- രൂപ |
| നീക്കിയിരിപ്പ് | 51954120/- രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 46246000 | 46246000 | 46246000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 28274000 | 28274000 | 26961336 | 1312664 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 387000 | 387000 | - | 387000 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 5481000 | 5481000 | 5406257 | 74743 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | - | - | | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | - | - | - | - | - |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | PMAY | 41277887 | - | - | - | 43520190 |
| | PMAY ADMN | 41193 | 1026886 | 1068079 | 1054385 | 13694 |
| | IWMP | 1696 | 3964002 | 3965698 | 2439362 | 1526336 |
| | MPLADS | 1889976 | 5555518 | 7445494 | 5069067 | 2376427 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | റ്റി.എസ്.സി NBA | 1637638 | 52078 | 1689716 | 0 | 1689716 |
| | റ്റി.എസ്.സി | 1049256 | 92159 | 1141415 | 80223 | 1061192 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്ചേർക്കുക) കേരളോത്സവം | | - | - | - | - | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമപഞ്ചായത്ത് / ജില്ലാ പഞ്ചായത്ത് | 3113357 | 43066672 | 53891282 | 53333688 | 557594 |
| ബി ഫണ്ട് | | - | - | - | - | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 41913263 | 30135674 | 72048937 | 28369418 | 43679519 |
| | ട്രഷറി അക്കൗണ്ട് | 496136 | 4012000 | 6759075 | 5709433 | 1049642 |
| മറ്റിനം | | - | - | - | - | - |

പി.എം.എ.വൈ. പദ്ധതിക്കായുള്ള ഗ്രാമപഞ്ചായത്ത് വിഹിതങ്ങൾ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ഉൾപ്പെടുന്നതിനാൽ കൃത്യമായ വരവും ചെലവും ഉൾപ്പെടുത്തുന്നതിന് സാധിക്കുന്നില്ല. കൃത്യമായ കണക്കുകൾ നിരവധി തവണ ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ വരവും ചെലവും ട്രഷറി അക്കൗണ്ടിലുണ്ടെങ്കിലും വേർതിരിവ് കാണിക്കാൻ സാധിക്കുന്നില്ല.

1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 145 | 132883353 | 101 | 82217909 | 39 | 5 | 69.65 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ – ഇല്ല

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.9.2020ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം വരവില്ലായിരുന്നു. ക്യാഷ് ബുക്ക്, ക്യാഷ് ചെസ്റ്റ് എന്നിവ പ്രകാരം നീക്കിയിരിപ്പും ഇല്ലായിരുന്നു.

1-7 ആഭ്യന്തര നിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്.

സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലോ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഓഫീസിലോ മാന്വൽ രസീതുകൾ ഉപയോഗിക്കുന്നതായി കാണുന്നില്ല. മാന്വൽ രസീതുകൾ സ്റ്റോക്ക് ചെയ്തിട്ടും ഇല്ല. നിർവ്വഹണ ഉദ്യോഗസ്ഥർ ഗുണഭോക്തൃവിഹിതം സ്വീകരിക്കുന്നത് രസീത് നൽകാതെയാണ്. ഇത് അക്കൗണ്ടിംഗ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെയോ സർക്കാരിന്റെയോ ആസ്തി അല്ലാത്ത സഹകരണ ആശുപത്രിയ്ക്ക് കെട്ടിടവും, ടോയ്ലറ്റ് ബ്ലോക്കും പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച് നൽകിയതായി കാണുന്നു. സർക്കാർ അനുമതിയില്ലാതെ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പൊതുപണം ചെലവഴിച്ചത് ദുർവിനിയോഗമാണ്.

ഗുണഭോക്താക്കളെ രണ്ടു ഘട്ടമായി നിശ്ചയിച്ചതിനാൽ ഒരേ പദ്ധതിയിൽ വ്യത്യസ്ത വിലകളിൽ കമ്പ്യൂട്ടർ വാങ്ങേണ്ടി വന്നിട്ടുണ്ട്. കമ്പ്യൂട്ടർ വാങ്ങുന്നതിനായി മുൻകൂറായി തുക കെൽട്രോണിൽ ഒടുക്കിയിട്ടുണ്ടെങ്കിലും എല്ലാ കമ്പ്യൂട്ടറുകളും നാളിതുവരെ ലഭിച്ചിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള കമ്പ്യൂട്ടർ രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചുവരുന്നില്ല. സെന്റേജ് ചാർജിനത്തിൽ വാട്ടർ അതോറിറ്റിയിൽ അധികം തുക ഒടുക്കു വരുത്തിയിട്ടുണ്ട്. യഥാസമയം വിനിയോഗ സാക്ഷ്യപത്രം തുക നൽകിയ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനും, വിനിയോഗ സാക്ഷ്യപത്രം ലഭ്യമായവയിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കുവാനും ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഇ-ടെണ്ടർ, ടെണ്ടർ ഫോറവില ഇനത്തിൽ ലക്ഷക്കണക്കിന് രൂപ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തുവാൻ അവശേഷിക്കുന്നു. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കുംവിധം പദ്ധതികൾ ആവിഷ്കരിക്കുവാനും, സർക്കാർ നിർദ്ദേശപ്രകാരം സംരക്ഷണ ഗ്രാന്റ് (റോഡിതരം) ചെലവഴിക്കുവാനും സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2.9.19 | 2018-19 | 21.1.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.06.18 മുതൽ 30.06.18 വരെ | 2013-14 മുതൽ 2017-18 വരെ | 13.08.18 |

1-9 വാർഷികകണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രിക ബി -5 ഷെഡ്യൂൾ പ്രകാരം സെക്വേർഡ് ലോൺ ഇനത്തിൽ 54,24,559/- രൂപ സ്ഥാപനത്തിന്റെ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ

ലോൺ രജിസ്റ്റർ, ലോൺസംബന്ധമായ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ലോൺ സംബന്ധമായി ലഭ്യമാക്കിയ രേഖകൾ പ്രകാരം ഐ.എ.വൈ ലോൺ ഇനത്തിൽ 1,60,25,478/- രൂപ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നു. എന്നാൽ ടി തുക സ്ഥാപനത്തിന്റെ ബാദ്ധ്യതയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. 2017-18 ധനകാര്യ പത്രിക ബി -7 പ്രകാരം കോൺട്രാക്ടേഴ്സ് റീ ടെൻഷൻ ഇനത്തിൽ സ്ഥാപനത്തിന്റെ ബാദ്ധ്യത 1,32,216/- രൂപയാണ്. 2018-19 വർഷത്തിൽ RP-34 പ്രകാരം വരവ് 4,46,722/- രൂപയും RP-34 പ്രകാരം ചെലവ് 2,09,869/- രൂപയും ആണ്. 2018-19 വർഷത്തിൽ സ്ഥാപനത്തിന്റെ ബാദ്ധ്യതയായി ബി -7 യിൽ ഉൾപ്പെടുത്തേണ്ടതുക 3,69,069/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 4,14,024/- രൂപയാണ്.

4. 2017-18 ധനകാര്യ പത്രിക ബി -9 പ്രകാരം other liabilities ഇനത്തിൽ സ്ഥാപനത്തിന്റെ ബാദ്ധ്യത ഇല്ല. 2018-19 വർഷത്തിൽ RP-36 പ്രകാരം വരവ് 2,08,879/- രൂപയും RP-36 പ്രകാരം ചെലവ് 6,44,606/- രൂപായും ആണ്. 2018-19 വർഷത്തിൽ സ്ഥാപനത്തിന്റെ ബാദ്ധ്യതയായി ബി -9 ൽ 5,070/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു.

5. RP-47 പ്രകാരം (ചെലവ്))ഔദ്യോഗിക ആവശ്യത്തിനുള്ള താത്കാലിക മുൻകൂറായി 1,20,024/- രൂപ നല്കിയിട്ടുണ്ട്. RP-47 പ്രകാരം (ചെലവ്) 10,000/- രൂപ വരവുണ്ട്. ബി-18 ൽ ആസ്തിയായി ഉൾപ്പെടുത്തേണ്ടിയിരുന്നത് 1,10,024/- രൂപയാണ്. എന്നാൽ 95,024/- രൂപയാണ്. രേഖപ്പെടുത്തിയിരിക്കുന്നത്.

6. RP-31, (വരവ്) RP-36 (വരവ്) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ ആധികാരികത തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7. 2018-19 സാമ്പത്തിക വർഷം കേരളാ വാട്ടർ അതോറിറ്റിയിൽ 3,50,000/- രൂപയും, ഭൂഗർഭ ജല വകുപ്പിൽ 6,62,710/- രൂപയും ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്, എന്നാൽ ബാലൻസ് ഷീറ്റിൽ ബി-18 ൽ ഇതുസംബന്ധിച്ച വിവരം ഉൾപ്പെടുത്തിയിട്ടില്ല.

8. ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

9. അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

10. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-10 ഓട്ടോറിഫ്രാക്ടോമീറ്റർ പർച്ചേസ് ചെയ്തതിലെ അപാകത

നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ സി.എച്ച്.സി, കുളക്കട

പദ്ധതി നം. – S0013/19

ബിൽ നം. – 9/18, തീയതി – 26.12.18
തുക – 2,70,585/- രൂപ

മെഡിക്കൽ ഓഫീസർ സി.എച്ച്.സി കുളക്കട നിർവ്വഹണ ഉദ്യോഗസ്ഥനായി കെ.എം.എസ്.സി.എല്ലിൽ നിന്നും പ്രോജക്ട് നമ്പർ S0013/19 പ്രകാരം ഓട്ടോറിഫ്രാക്ടോമീറ്റർ പർച്ചേസ് ചെയ്തിട്ടുണ്ട്. ആയതിനു കെ.എം.എസ്.സി.എല്ലിൽ നിന്നും ലഭിച്ച പ്രൊഫോമ ഇൻവോയ്സ് KMCL/EP /101/2016 തീയതി 26.10.2018 പ്രകാരം ഉപകരണത്തിന് 12 ശതമാനം ജി.എസ്.ടി ഉൾപ്പെടെ 2,52,000/- രൂപയും G.O(P) NO.448/2007/H&FWD തീയതി 1.11.2007 പ്രകാരം 7% സർവീസ് ചാർജ് +18% RC GST for Service charge ഇനത്തിൽ 18,585/- രൂപയും ഉൾപ്പെടെ ആകെ 2,70,585/- രൂപ ബിൽ നമ്പർ 9/18 തീയതി 26.12.18 പ്രകാരം കെ.എം.എസ്.സി.എൽ മാനേജർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഉപകരണത്തിന് ഒപ്പം ലഭ്യമായ HO-1819/21131 തീയതി 13.02.19 നമ്പർ ഇൻവോയ്സിൽ 7% സർവീസ് ചാർജ് +18% RC GST for Service charge തുകയായ 18,585/- രൂപ ഉൾപ്പെടുത്താതെ 2,52,000/- രൂപയുടെ ബിൽ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. പ്രൊഫോമ ഇൻവോയ്സ്, ഇൻവോയ്സ് എന്നിവയിൽ ഉണ്ടായ ആകെ തുകയിലെ വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നല്കിയ തുക തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ അല്ലെങ്കിൽ സർവീസ് ചാർജ് + ജി.എസ്.ടി. ബാധകമാണെങ്കിൽ ആ തുക കൂടി ഉൾപ്പെടുത്തിയ പുതുക്കിയ ബിൽ ലഭ്യമാക്കി ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 9/18.09.20

1-11 ഗുണഭോക്താക്കളെ രണ്ടു ഘട്ടമായി നിശ്ചയിച്ചതിനാൽ ഒരേ പദ്ധതിയിൽ വ്യത്യസ്ത വിലകളിൽ കമ്പ്യൂട്ടർ വാങ്ങേണ്ടി വന്നു.

പദ്ധതി : 98/19 പഠനമുറി നൽകിയവർക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ നൽകൽ
അടങ്കൽ : 26,06,000/- രൂപ (എസ്.സി.പി.)
ചെലവ് : 26,06,000/- രൂപ
നിർവ്വഹണോദ്യോഗസ്ഥൻ : പട്ടികജാതി വികസന ഓഫീസർ
2017-18 വർഷം പഠനമുറി ആനുകൂല്യം ലഭ്യമായ പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ നൽകാനുള്ള നൂതന പദ്ധതിയിൽ ആദ്യ ഘട്ടമായി 50 ഗുണഭോക്താക്കൾക്ക് 24,66,000/- രൂപ അടങ്കൽ നിശ്ചയിച്ച് അംഗീകാരം വാങ്ങുകയും, തുടർന്ന് 50 കമ്പ്യൂട്ടറുകളും അത്ര തന്നെ യു.പി.എസ്സും വാങ്ങുന്നതിന് സെൻട്രലൈസ്ഡ് പ്രോക്യുർമെന്റ് സിസ്റ്റത്തിൽ ഓർഡർ നൽകുകയും ചെയ്തു. ഇതോടൊപ്പം കമ്പ്യൂട്ടർ ടേബിളും കസേരയും വാങ്ങുന്നതിന് റേറ്റ് കോൺട്രാക്ട് സ്ഥാപനമായ ARTC0 യുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ 15-09-2018ലെ വി.ബി.112/18 കത്ത് പ്രകാരം പദ്ധതി ഭേദഗതി ചെയ്ത് 69 ഗുണഭോക്താക്കൾക്കായി നിശ്ചയിക്കുകയും അംഗീകാരം നേടുകയും ചെയ്തു. എന്നാൽ തുടർന്ന് CPS ൽ നിന്ന് കമ്പ്യൂട്ടർ വാങ്ങിയപ്പോൾ ഒരു കമ്പ്യൂട്ടറിന് 2,602/- രൂപ വീതം അധികം നൽകേണ്ടി വന്നു. മാത്രമല്ല 69 കുട്ടികൾക്ക് ആനുകൂല്യം

നിശ്ചയിച്ചിരുന്നെങ്കിലും 68 കുട്ടികൾക്കേ നൽകാൻ കഴിഞ്ഞുള്ളൂ. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ബിൽ നമ്പർ | തീയതി | തുക (രൂപ) | സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 4/18-19 | 19-7-18 | 16,52,650/- | കെൽട്രോൺ | കമ്പ്യൂട്ടർ-50@29,488/- രൂപ<br>യു.പി.എസ്സ്-50@3,565/- രൂപ |
| 2 | 8/18-19 | 31-10-18 | 2,29,805/- | ആർട്കോ | ടേബിൾ -50@3,050.3/- രൂപ<br>കസേര -50@1,545.8/- രൂപ |
| 3 | 14/18-19 | 17-2-19 | 6,41,790/- | കെൽട്രോൺ | കമ്പ്യൂട്ടർ-18@32,090/- രൂപ<br>യു.പി.എസ്സ്-18@3,565/- രൂപ |
| 4 | 18/18-19 | 17-2-19 | 81,755/- (തുക ലിമിറ്റ് ചെയ്തു) | ആർട്കോ | ടേബിൾ -18@3,050.3/- രൂപ<br>കസേര -18@1,545.8/- രൂപ |
| | | ആകെ. | 26,06,000/- | | |

രണ്ടു ഘട്ടമായി ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിച്ചതിന്റെ കാരണവും വിതരണ രജിസ്റ്റർ പ്രകാരം 16 കമ്പ്യൂട്ടർ വിതരണം ചെയ്തിട്ടില്ലാത്തതിന്റെ കാരണവും ഓഡിറ്റ് എൻക്വയറി - 1 പ്രകാരം ആവശ്യപ്പെട്ടെങ്കിലും 2018-19ൽ പഠനമുറി പൂർത്തിയാക്കിയത് 52 വിദ്യാർത്ഥികൾ മാത്രമാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. 16 കമ്പ്യൂട്ടറുകൾ പഠനമുറി പൂർത്തിയായതിനു ശേഷം 2019-20 ലാണ് നൽകിയത്. ഇതിൽ നിന്നും ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിക്കാതെയാണ് പദ്ധതി തയ്യാറാക്കിയതെന്ന് വ്യക്തമാണ്. മാത്രമല്ല അപേക്ഷയോടൊപ്പം ഒരു വിദ്യാർത്ഥിയും പഠനമുറി പൂർത്തിയാക്കിയത് സംബന്ധിച്ച രേഖകൾ സമർപ്പിച്ചിരുന്നില്ല. സ്പിൽ ഓവർ പദ്ധതി ഇല്ലാത്തതിനാൽ പണി പൂർത്തിയാകാതെ തന്നെ ആനുകൂല്യവും നൽകിയതായി കാണുന്നു. പണി പൂർത്തിയാക്കാത്ത 19 ഗുണഭോക്താക്കൾക്ക് വേണ്ടി പദ്ധതി റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയിട്ടും 2 പേർ മാത്രമാണ് പൂർത്തിയാക്കിയത്. പഠനമുറി ആനുകൂല്യം വാങ്ങി ആയത് പൂർത്തീകരിക്കുന്നതിനു മുമ്പുതന്നെ അടുത്ത ആനുകൂല്യം നൽകുന്നതിന് ശ്രമിക്കാതെ പഠനമുറി പൂർത്തിയാക്കുന്നതിനായിരുന്നു നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടിയിരുന്നത്. പണി പൂർത്തിയാക്കാത്തവർക്ക് 2017-18 ൽ പഠനമുറിക്കായി മുഴുവൻ തുകയും അനുവദിച്ചതെങ്ങനെ എന്ന് നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരിക്കേണ്ടതാണ്. മാത്രമല്ല സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6-1 പ്രകാരം വാങ്ങൽ നടത്തുമ്പോൾ ഒരു വർഷത്തേക്കുള്ള ആവശ്യകത മുൻകൂട്ടി കാണേണ്ടതാണെന്നും ഖണ്ഡിക 7-33 പ്രകാരം ഒരേ തരത്തിലുള്ള വസ്തുക്കളുടെ ആവശ്യകത ഒരുമിച്ച് കണക്കാക്കി ടെണ്ടർ ക്ഷണിക്കേണ്ടതുമാണെന്നിരിക്കെ ഒരേ പദ്ധതിയിൽ രണ്ട് വിലയ്ക്ക് കമ്പ്യൂട്ടർ വാങ്ങിയതുമൂലം 46,836/-രൂപയുടെ വ്യത്യാസം ഉണ്ടായതും വിശദീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 1/15-9-20

1-12 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിൽ അധികച്ചെലവ്.

പ്രോജക്ട് - കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും (16/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ തുക – 3,00,000/- രൂപ (സംരക്ഷണ ഗ്രാൻറ്, റോഡിതരം)

ബ്ലോക്ക് പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങളിലേയ്ക്ക് 6 കമ്പ്യൂട്ടർ, 6 പ്രിൻറർ, 2 ലാപ്ടോപ്പ് എന്നിവ വാങ്ങുന്നതിനുള്ളതാണ് ടി പ്രോജക്ട്. Centralised Procurment Portal മുഖേന 6 ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ, (Medium and Window 10 Prof) വാങ്ങുന്നതിന് ഒന്നിന് 38,533/- രൂപ പ്രകാരം 6 എണ്ണത്തിന് 2,31,198/- രൂപ ബിൽ നം. 22, തീയതി 09-07-2018 പ്രകാരം പിൻവലിച്ച് കെൽട്രോണിന് നല്കി. തുടർന്ന് G.O.(Rt) No.298/2018/ITD/, Dt- 22/11/2018 പ്രകാരം ഉപകരണങ്ങളുടെ വില 41,259/- രൂപയായി വർദ്ധിച്ചതിനാൽ അധിക തുകയായ 16,356/- രൂപ കൂടി ബിൽ നം. 158, 21-01-2019 പ്രകാരം ടി സ്ഥാപനത്തിന് നല്കി. ഫയലുകൾ പരിശോധിച്ചതിൽ 5 ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ ലഭിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഇൻവോയിസ് പ്രകാരം (നം.2110156354) 5 കമ്പ്യൂട്ടറുകളുടെ ആകെ തുക (നികുതികൾ ഉൾപ്പെടെ) 1,96,470/- രൂപയാണ്. ടി പ്രോജക്ടിൻറെ നിർവ്വഹണത്തിൽ കാണപ്പെട്ടിട്ടുള്ള അപാകതകൾ താഴെ കൊടുക്കുന്നു.

i) 6 കമ്പ്യൂട്ടറുകൾക്കായി തുക ഒടുക്കുവരുത്തിയെങ്കിലും 5 എണ്ണം മാത്രമേ ലഭിച്ചിട്ടുള്ളൂ.

ii) പ്രോജക്ട് പ്രകാരം വാങ്ങേണ്ടുന്ന പ്രിൻറർ, ലാപ്പ് ടോപ്പ് എന്നിവ വാങ്ങിയിട്ടില്ല.
iii) വാങ്ങിയ കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുക്കുകയൊ വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് നല്കുകയോ ചെയ്തിട്ടില്ല.
iv) കേൽട്രോണിൽ അടവാക്കിയ 2,47,554/- രൂപയിൽ കെൽട്രോൺ ഇൻവോയിസ് പ്രകാരം 5 കമ്പ്യൂട്ടറിന്റെ വിലയായ 1,96,470/- രൂപ കഴിച്ച് ബാക്കി തുകയായ 51,084/- രൂപ തിരികെ ഈടാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2, തീയതി 16-09-2020) നല്കിയ മറുപടിയിൽ അധികം നല്കിയ തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും ലാപ് ടോപ്പ്, പ്രിൻറർ എന്നിവയുടെ വിലയിൽ മാറ്റം വന്നതിനാൽ ആയവ വാങ്ങുന്നത് ഉപേക്ഷിച്ചുവെന്നും, ശിശുവികസനഓഫീസ്, അസി. എക്സി. എഞ്ചിനീയർ ഓഫീസ്, ക്ഷീര വികസന ഓഫീസ് എന്നിവിടങ്ങളിൽ നല്കുന്നതിനാണ് കമ്പ്യൂട്ടർ വാങ്ങിയിട്ടുള്ളതെന്നും, എന്നാൽ പുതിയ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുവാൻ സ്ഥലസൗകര്യം ഇല്ലാത്തതിനാൽ ടി കമ്പ്യൂട്ടറുകൾ താല്ക്കാലികമായി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽത്തന്നെ ഉപയോഗിച്ച് വരുകയാണെന്നും മറുപടിനല്കി.

നാളിതുവരെ കെൽട്രോണിന് അധികം നല്കിയ തുക തിരികെ ഈടാക്കിയിട്ടില്ലാത്തതിനാൽ അധികമായി നല്കിയ 51,084/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക കെൽട്രോണിൽ നിന്നോ, ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതാണ്. അടിസ്ഥാന സൗകര്യം പോലും ഒരുക്കാതെ കമ്പ്യൂട്ടറുകൾ വാങ്ങിയ നടപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ടി പ്രോജക്ട് പ്രകാരം ചെലവഴിച്ച 2,47,554/- രൂപയിൽ നിരാകരിച്ച 51,084/- രൂപ കഴിച്ച് 1,96,470/-

രൂപ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി കമ്പ്യൂട്ടറുകൾ കൈമാറി തടസ്സം ഒഴിവാക്കേണ്ടതാണ്. (ഖണ്ഡിക 3-1 കാണുക.)

നിരാകരണം – 51,084/- രൂപ

തടസ്സം – 1,96,470/- രൂപ

ഓഡിറ്റ് അന്വേഷണം - 02/16-09-2020

1-13 കോൺഫറൻസ് ഹാളിൽ മൈക്ക്സെറ്റ് വാങ്ങൽ - പൊതുമരാമത്തുവകുപ്പിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കിയിട്ടില്ല.

പ്രോജക്ട് – കോൺഫറൻസ് ഹാളിൽ ആധുനിക മൈക്ക്സെറ്റ് (20/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – 4,00,000/- രൂപ (സംരക്ഷണ ഗ്രാൻറ്, റോഡിതരം)

ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ആധുനിക മൈക്ക്സെറ്റ് സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് ഇലട്രോണിക്സ് വിഭാഗത്തിന്റെ എസ്റ്റിമേറ്റ് അനുസരിച്ച്, ബിൽ നം. 55, തീയതി 19-08-2020 പ്രകാരം 3,05,000/- രൂപ പിൻവലിച്ച് നിക്ഷേപ പ്രവൃത്തിയായി പ്രോജക്ട് നിർവ്വഹണം നടത്തുന്നതിലേയ്ക്ക് പൊതുമരാമത്ത് വകുപ്പിൽ ഒടുക്കുവരുത്തി. പൊതുമരാമത്ത് ഇലക്ട്രോണിക്സ് ഡിവിഷൻ തിരുവനന്തപുരത്തിന്റെ 16-10-2017 ലെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ടി പ്രവൃത്തിക്കായി 2,92,163/- രൂപയാണ് ചെലവായിട്ടുള്ളത്. പൊതുമരാമത്തു വകുപ്പിൽ അവശേഷിക്കുന്ന 12,837/- രൂപ തിരികെ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2 തീയതി-16-09-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി പ്രോജക്ടിനായി പൊതുമരാമത്ത് വകുപ്പിൽ ഒടുക്കിയ തുകയിൽ പ്രവൃത്തി പൂർത്തീകരണശേഷം തിരികെ ലഭിക്കുവാനുള്ള തുകയായ 12,837/- രൂപ തടസ്സപ്പെടുത്തുന്നു. ടി തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. കൂടാതെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണത്തിനും, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉപയോഗിക്കേണ്ട സംരക്ഷണ ഗ്രാന്റ് (റോഡിതരം) ഉപയോഗിച്ച് ഇത്തരത്തിൽ ഒരു പ്രോജക്ട് നടപ്പാക്കിയത് പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധവുമാണ്.

തടസ്സം – 12,837/- രൂപ

ഓഡിറ്റ് അന്വേഷണം - 2/16-09-2020

1-14 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെകൊടുത്തിരിക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .

1) ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകൾ

| ക്രമ നം | പ്രോജക്റ്റുകളുടെ വിവരം | ഒടുക്കിയ തുക (രൂപ) | ബിൽ നം, തീയതി |
|---|---|---|---|
| 1 | ഉമ്മന്നൂർ പഞ്ചായത്ത് ഇട്ടിയപ്പാറ കുഴൽ കിണർ നിർമ്മാണം (41/19) | 1,28,025/- | 119/19-12-18 |
| 2 | പുത്തൂർ പ്രീ മെട്രിക് ഹോസ്റ്റൽ കുഴൽ കിണർ നിർമ്മാണം (145/19) | 2,05,470/- | 115/19-12-18 |
| 3 | ഉമ്മന്നൂർ ഗ്രാമ പഞ്ചായത്ത് പകൽവീട്, കുഴൽ കിണർ നിർമ്മാണം (147/19) | 1,94,315/- | 118/19-12-18 |
| 4 | ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്, മുകളുവിളഭാഗം കുഴൽ കിണർ നിർമ്മാണം (166/19) | 85,530/- | 230/15-03-20 |
| | ആകെ | 6,13,340/- | |

2) പാലിയേറ്റീവ് കെയർവിഹിതം നല്കൽ (25/19)

അടങ്കൽ തുക – 6,00,000/- രൂപ (വികസനഫണ്ട്)

ടി പ്രോജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെകൊടുത്തിരിക്കും പ്രകാരം തുകകൾ ഗ്രാമ പഞ്ചായത്തുകൾക്ക് നല്കി

| ക്രനം | ഗ്രാമപഞ്ചായത്തിന്റെ പേര് | തുക (രൂപ) | ബിൽ നം. |
|---|---|---|---|
| 1 | മൈലം | 1,00,000/- | 43/31-07-2018 |
| 2 | വെട്ടിക്കവല | 1,00,000/- | 43/31-07-2018 |
| 3 | പവിത്രേശ്വരം | 1,00,000/- | 43/31-07-2018 |
| 4 | ഉമ്മന്നൂർ | 1,00,000/- | 40/30-07-2018 |
| 5 | കുളക്കട | 1,00,000/- | 49/14-08-2018 |
| 6 | മേലില | 1,00,000/- | 49/14-08-2018 |
| | ആകെ | 6,00,000/- | |

3) സോളാർ പാനൽ സ്ഥാപിക്കൽ (14/19)

അടങ്കൽ തുക – 12,00,000/- രൂപ (സംരക്ഷണ ഗ്രാന്റ്, റോഡിതരം)

കുളക്കട സി.എച്ച്.സി, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ 5 കി.വാ. ശേഷിയുള്ള സോളാർപാനൽ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയുടെ 50% മായ 5,99,550/- രൂപ ബിൽ നം. 23, 09-07-2018 പ്രകാരം പിൻവലിച്ച് കെൽട്രോണിന് നല്കി. എന്നാൽ ടി പ്രവൃത്തിയുടെ പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ മൂന്ന് ഇനങ്ങളിലും ചെലവഴിച്ച 18,12,890/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം – 18,12,890/- രൂപ

ഓഡിറ്റ് അന്വേഷണം – 2/16-09-2020

1-15 സെന്റേജ് ചാർജ്ജായി അധികം നല്കി.

കേരള വാട്ടർ അതോറിറ്റി മുഖേന 2018-19 ൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും, 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജ്ജ് ഈടാക്കിയിട്ടുണ്ട്. എന്നാൽ പി.ഡബ്ല്യൂ.ഡി. മാന്വൽ വാട്ടർ അതോറിറ്റിക്കും ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള 2.5% സെന്റേജ് ചാർജ്ജ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ഈടാക്കാവുന്നതല്ലെന്ന് സ.ഉ.(സാധാ)നം/1069/2018/തസ്വഭവ, 16-04-2018) ഉത്തരവായിട്ടുണ്ട്. 12.5% നിരക്കിൽ സെൻറേജ് ചാർജ്ജ് കണക്കാക്കി കേരള വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കുവരുത്തിയിട്ടുള്ളതിന്റെ വിശദവിവരം താഴെകൊടുക്കുന്നു.

i) വാട്ടർ അതോറിറ്റിക്ക് ലൈൻ എക്സ്റ്റൻഷൻ മേലില (70/19)

| | | |
|---|---|---|
| 1 | Estimate amount | 3,10,852.29/- രൂപ |
| 2 | Centage charge 12.5% | 38,856.54/- രൂപ |
| 3 | Total with Centage charge | 3,49,708.83/- രൂപ |
| 4 | Lump sum | 291.17/- രൂപ |
| 5 | Total Amount | 3,50,000/- രൂപ |
| 6 | ഈടാക്കേണ്ടിയിരുന്ന സെന്റേജ് ചാർജ്ജ് | 31,085.20/-രൂപ |
| | അധികം നല്കിയ സെന്റേജ് ചാർജ്ജ് | 7,771/- രൂപ |

ബിൽ നം.19, തീ-09-07-2018 പ്രകാരം വികസന ഫണ്ട് 3,50,000/- രൂപ പിൻവലിച്ച് കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തി

ii) കക്കാട് കുന്നുംപുറം കുടിവെള്ള പദ്ധതി, പവിത്രേശ്വരം ഗ്രാമ പഞ്ചായത്ത്(60/19)

| | | |
|---|---|---|
| 1 | Estimate amount | 4,35,196.16/- രൂപ |
| 2 | Centage charge 12.5% | 54,399.39/- രൂപ |
| 3 | Total with Centage charge | 4,89,594.55/- രൂപ |
| 4 | Lump sum | 10,405.45/- രൂപ |
| 5 | Total Amount | 5,00,000/- രൂപ |
| 6 | ഈടാക്കേണ്ടിയിരുന്ന സെന്റേജ് ചാർജ്ജ് | 43,519.61/- രൂപ |
| | അധികം നല്കിയ സെന്റേജ് ചാർജ്ജ് | 10,880/- രൂപ |

ബിൽ നം13, തീ-29-05-2018 പ്രകാരം വികസന ഫണ്ട് 5,00,000/- രൂപ പിൻവലിച്ച് കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തി.

ടി പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 2 പ്രവൃത്തികളിലായി സെൻറേജ് ചാർജ്ജ് ഇനത്തിൽ അധികമായി കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയിട്ടുള്ള (7,771 + 10,880) 18,651/- രൂപ നിരാകരിക്കുന്നു. ടി തുക കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയിട്ടുള്ള (3,50,000 + 5,00,000) 8,50,000/- രൂപയിൽ നിരാകരിച്ച 18,651/- രൂപ കഴിച്ച് 8,31,349/- രൂപ തടസ്സപ്പെടുത്തുന്നു, വിശദമായ വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

നിരാകരണം – 18,651/- രൂപ

തടസ്സം – 8,31,349/- രൂപ

ഓഡിറ്റ് അന്വേഷണം – 2/16-09-2020

1-16 ലൈബ്രറികൾക്ക് ഉപകരണങ്ങൾ വാങ്ങിയതിൽ അപാകതകൾ.

പ്രോജക്ട് - ലൈബ്രറിക്ക് ഉപകരണങ്ങൾ (26/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ തുക – 3,00,000/- രൂപ (വികസനഫണ്ട്)

ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 13-02-2019 ലെ 3(7) നമ്പർ തീരുമാന പ്രകാരം ലൈബ്രറികൾക്ക് ഉപകരണങ്ങൾ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി താഴെ കൊടുത്തിരിക്കുംപ്രകാരം ഉപകരണങ്ങൾ വാങ്ങി നല്കുന്നതിന് തീരുമാനിച്ചു.

| ക്ര.നം | ലൈബ്രറിയുടെ പേര് | നല്കുന്ന ഉപകരണം |
|---|---|---|
| 1 | പെൻഷനേഴ്സ് ലൈബ്രറി, പനവേലി | പബ്ളിക് അഡ്രസ്സ് സിസ്റ്റം |
| 2 | നാഷണൽ ലൈബ്രറി, കൈതോട് | പബ്ളിക് അഡ്രസ്സ് സിസ്റ്റം |
| 3 | ആനന്ദ് ലൈബ്രറി, കരിമ്പിൻപുഴ | പബ്ളിക് അഡ്രസ്സ് സിസ്റ്റം |
| 4 | ഷാജിലാൽ ലൈബ്രറി, നെല്ലിക്കുന്നം | പബ്ളിക് അഡ്രസ്സ് സിസ്റ്റം |
| 5 | സംസ്കൃതി ലൈബ്രറി, വെട്ടിക്കവല | പബ്ളിക് അഡ്രസ്സ് സിസ്റ്റം |
| 6 | ഇൻറലക്ചൽ ലൈബ്രറി, കുളക്കട | പബ്ളിക് അഡ്രസ്സ് സിസ്റ്റം |
| 7 | പ്ലാക്കാട് ലൈബ്രറി, പവിത്രേശ്വരം | കമ്പ്യൂട്ടർ |
| 8 | യദു പബ്ലിക്ക് ലൈബ്രറി, കുളക്കട കിഴക്ക് | എൽ. സി ഡി പ്രൊജക്ടർ |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് എഫ് 1, സൊല്യൂഷ്യൻ എഴുകോൺ എന്ന സ്ഥാപനത്തിൽ നിന്നും 39,280/- രൂപ ചെലവഴിച്ച് 1 കമ്പ്യൂട്ടറും, (ബിൽ നം. 231/15-03-2019 ) കെൽട്രോണിൽ നിന്നും, 2,60,720/- രൂപ ചെലവഴിച്ച് (ബിൽ നം.253/22-03-2019 ) പബ്ളിക് അഡ്രസ്സ് സിസ്റ്റം 7 എണ്ണവും, എൽ.സി.ഡി പ്രൊജക്ടർ 1 എണ്ണവും വാങ്ങി. പ്രൊജക്ടറിന്റെ വില – 27,860/- രൂപ, പബ്ലിക് അഡ്രസ് സിസ്റ്റം 7 എണ്ണം വില – 2,35,480/- രൂപ, ആകെ – 2,63,340/- രൂപ. എന്നാൽ 2,60,720/- രൂപ മാത്രമേ കെൽട്രോണിന്

നൽകിയിട്ടുള്ളൂ. രേഖകൾ പ്രകാരം 7 ലൈബ്രറികൾക്ക് പബ്ളിക് അഡ്രസ്സ് സിസ്റ്റവും, ഒരു ലൈബ്രറിക്ക് എൽ.സി.ഡി. പ്രൊജക്ടറും വിതരണം ചെയ്തതായാണ് പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയത്. തുടർന്ന് പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 6, 18-09-2020) പ്ലാക്കാട് ലൈബ്രറി, പവിത്രേശ്വരത്തിന് കമ്പ്യൂട്ടർ ആണ് നല്കിയിട്ടുള്ളതെന്നും കൈപ്പറ്റ് രസീത് നല്കിയപ്പോൾ തെറ്റിപ്പോയിട്ടുള്ളതാണെന്നും മറുപടി നല്കി. അതോടൊപ്പം ഉപകരണങ്ങളുടെ വിതരണം നടത്തിയ രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കി. ഇതിൽ പബ്ളിക് അഡ്രസ്സ് സിസ്റ്റം 7 എണ്ണം ലഭിച്ചതിൽ, ക്രമനം 1 മുതൽ 6 വരെയുള്ള ലൈബ്രറികൾക്ക് 6 എണ്ണം വിതരണം ചെയ്യുകയും, ആയത് ബന്ധപ്പെട്ട ലൈബ്രറി ഭാരവാഹികൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. രജിസ്റ്റർ പ്രകാരം പ്ലാക്കാട് ലൈബ്രറി, പവിത്രേശ്വരം കമ്പ്യൂട്ടർ കൈപ്പറ്റുകയും ചെയ്തു. ഇതിൽനിന്നും കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുള്ള പബ്ളിക് അഡ്രസ്സ് സിസ്റ്റം 7 എണ്ണത്തിൽ ഒരെണ്ണം വിതരണം ചെയ്തിട്ടില്ലായെന്നു കാണുന്നു. കൂടാതെ വിതരണം ചെയ്യാത്ത പബ്ളിക് അഡ്രസ്സ് സിസ്റ്റം ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തിട്ടില്ല. അംഗീകരിച്ച പ്രോജക്ട്, കമ്മിറ്റി തീരുമാനങ്ങൾ എന്നിവയ്ക്ക് വിരുദ്ധമായി അധികമായി പബ്ളിക് അഡ്രസ്സ് സിസ്റ്റം വാങ്ങിയ നടപടി അംഗീകരിക്കുന്നില്ല. ആയതിനാൽ പബ്ളിക് അഡ്രസ്സ് സിസ്റ്റം ഒരെണ്ണം വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുള്ള 33,640/- രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

നിരാകരണം – 33,640/- രൂപ

ഓഡിറ്റ് അന്വേഷണം - 6/18-09-2020

1-17 ഇ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

2014-15-സാമ്പത്തിക വർഷം മുതൽ 2018 ആഗസ്റ്റ് മാസം വരെ ഇ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫാറവില ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇതിൽ ഇനിയും താഴെകൊടുത്തിരിക്കും പ്രകാരം തുകകൾ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ അവശേഷിക്കുന്നു.

| ക്ര.നം | വർഷം | തുക (രൂപ) |
|---|---|---|
| 1 | 2014-15 | 72,400/- |
| 2 | 2017-18 | 84,880/- |
| 3 | 2018-19 | 2,41,008/- |
| | ആകെ | 3,98,288/- |

2018 ഓഗസ്റ്റ് മാസം മുതൽ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് എൽ എസ് ജി ഡി സബ്ഡിവിഷനിലെ ടെണ്ടർ ഫീ ഒടുക്കുന്നതിനുള്ള കറൻറ് അക്കൗണ്ട് മാപ്പ് ചെയ്തു

കിട്ടിയിട്ടുള്ളതും ടെണ്ടർ ഫാറവില ടിഅക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തുവരുന്നതുമാണ്. എന്നാൽ അക്കൗണ്ടിലെ തുകകൾ നാളിതുവരെ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതുമാണ്.

ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയർ, ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയർ എന്നിവരുടെ അക്കൗണ്ടിൽ നിന്നും വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ അവശേഷിക്കുന്ന മുഴുവൻ തുകയും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-18 പോറ്റിമുക്ക്-ചെറുവല്ലൂർ റോഡ് പുനരുദ്ധാരണം - കാലി ബാരൽ വില ഈടാക്കിയിട്ടില്ല.

പ്രവൃത്തി - പോറ്റിമുക്ക് – ചെറുവല്ലൂർ റോഡ് പുനരുദ്ധാരണം

അടങ്കൽ തുക – 11,00,000/- രൂപ

കരാറുകാരൻ - ശ്രീ. മോഹനൻ പിള്ള

കരാർ – 35/AEE/LSGD/VTB/1718, Dt – 26-01-2018

ടി പ്രവൃത്തിയിൽ താഴെ കൊടുത്തിരിക്കും പ്രകാരം ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്.

എസ്എസ്1 - 433.5 കി-3 ബാരൽ

ആർ എസ്-1-393 കി 3 ബാരൽ

വി ജി-30-3608 കി 24 ബാരൽ

ആകെ - 30 ബാരൽ

എന്നാൽ അന്തിമ ബില്ലിൽ നിന്നും 30 കാലി ബാരലിന്റെ വിലയായ 30x281=8,430/- രൂപ ഈടാക്കിയിട്ടില്ല.

അന്തിമ ബിൽ തുക – 8,35,770/- രൂപ

ബിൽ നം-13, തീയതി – 31-07-2018

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം7, 18-09-2020) ടി തുക ഈടാക്കി രസീത് ഹാജരാക്കികൊള്ളാമെന്ന് മറുപടി ലഭ്യമാക്കി. കാലി ബാരൽ വില ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 8,430/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക – 8,430/- രൂപ

1-19 യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

പൊതുമരാമത്ത് മാന്വൽ (2012 ൽ പരിഷ്കരിച്ചത്) ടെണ്ടർ നിബന്ധന എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതിക്കുശേഷം 1%

പിഴ ഈടാക്കികൊണ്ട് കരാർ വയ്ക്കുന്നതിന് 10 ദിവസം കൂടി സമയം അനുവദിക്കാവുന്നതാണ്. ആയതിനു ശേഷവും കരാർവച്ചിട്ടില്ലെങ്കിൽ നിരതദ്രവ്യം കണ്ടുകെട്ടി തുടർനടപടി സ്വീകരിക്കേണ്ടതാണ്. താഴെ കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികൾക്ക് കരാർ വച്ചിട്ടുള്ളത് നിയമാനുസൃത സമയത്തിനു ശേഷവും, പിഴ ഈടാക്കാതെയുമാണ്.

i) പ്രവൃത്തി - അമ്മണംകോട് - പടിഞ്ഞറേതെരുവ് – വെങ്കലത്തു ഭാഗം റോഡ് രൂപീകരണം

കരാറുകാരൻ - ശ്രീ. ഷിഹാബുദ്ദീൻ, ഷംന മൻസിൽ, കുന്നിക്കോട്

സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി-30-11-2017

കരാർ തുക - 701180/- രൂപ

കരാർവച്ച തീയതി - 26-12-2017

ഈടാക്കേണ്ടിയിരുന്ന പിഴ -7012/- രൂപ

ii) പ്രവൃത്തി - ബ്ലോക്ക് ഓഫീസ് ചുറ്റുമതിൽ അറ്റകുറ്റപ്പണികൾ

കരാറുകാരൻ- ശ്രീ. ഷിഹാബുദ്ദീൻ, ഷംന മൻസിൽ, കുന്നിക്കോട്

സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി-14-11-2017

കരാർ തുക - 2352882/- രൂപ

കരാർവച്ച തീയതി - 26-12-2017

ഈടാക്കേണ്ടിയിരുന്ന പിഴ – 23529/- രൂപ

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട്, നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം7, 18-09-2020), പിഴ ഈടാക്കി രസീത് ഹാജരാക്കികൊള്ളാം എന്ന മറുപടി ലഭ്യമാക്കി.

പ്രവൃത്തി നിർവ്വഹണത്തിനായി അനുവദനീയ തീയതിക്കുശേഷമാണ് കരാറിൽ ഏർപ്പെട്ടത്, ആയത് ക്രമവിരുദ്ധമാണ് എങ്കിലും പദ്ധതി നിർവ്വഹണം നടന്നിട്ടുള്ളതിനാൽകരാറുകാരിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 30,541/- രൂപ (7012+23529) കരാറുകാരനിൽനിന്നൊ, ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കി പഞ്ചായത്തുഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

1-20 പ്രോജക്ട് - ഐ.എ.എസ്/കെ.എ.എസ് പരിശീലനം - അപാകതകൾ

പദ്ധതി – എസ്0036/19 – താഴേത്തട്ടിലുള്ള യുവജനങ്ങൾക്ക് കെ.എ.എസ്./ഐ.എ.എസ്. പരിശീലനം നർകുക.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക- 4,01,200/- രൂപ (വികസന ഫണ്ട്, പൊതു വിഭാഗം)

താഴേത്തട്ടിലുള്ള വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങളിൽ നിന്നും സിവിൽ സർവ്വീസ് ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പ്രോജക്ടാണിത്. കേരള തുടർ വിദ്യാഭ്യാസ കേന്ദ്രം നടത്തിയ പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ 7 ഗുണഭോക്താക്കൾക്ക് കേരളാ സിവിൽ സർവ്വീസ് അക്കാദമിയിൽ പരിശീലനം നല്കി. ഇതിനായി താഴെകൊടുത്തിരിക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ബിൽ നം 20, തീ 09-07-2018 പ്രകാരം – 3,00,000/- രൂപ

ബിൽ നം 75, തീ 24-10-2018 പ്രകാരം – 1,01,200/- രൂപ

ആകെ – 4,01,200/- രൂപ

പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെകൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1) ആദ്യം അംഗീകാരം ലഭിച്ചതും പിന്നീട് പരിഷ്കരിച്ചതുമായ പ്രോജക്ട് പ്രകാരം പരിശീലന ചെലവിനത്തിൽ ഒരു ഗുണഭോക്താവിന് 20,000/- രൂപ നിരക്കിൽ 7 ഗുണഭോക്താക്കൾക്കായി നല്കാവുന്ന പരമാവധി തുക 1,40,000/- രൂപയാണ്. അധികമായി 2,61,200/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2) ഗുണഭോക്താക്കളും, ബ്ലോക്ക് പഞ്ചായത്തും തമ്മിലുണ്ടാക്കിയിട്ടുള്ള കരാർപ്രകാരം ഇതേ ആവശ്യത്തിനായി മറ്റ് സർക്കാർ സ്ഥാപനങ്ങൾ വഴിയോ ഏതെങ്കിലും ഏജൻസി വഴിയോ ധനസഹായം ലഭ്യമാവുകയാണെങ്കിൽ തുക തിരികെ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം സാമ്പത്തിക സഹായം ലഭിച്ചിട്ടില്ലായെന്നതു സംബന്ധിച്ച രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

3) പരിശീലനം പൂർത്തീകരിക്കാതെ ഇടയ്ക്കുവച്ച് അവസാനിപ്പിക്കുകയാണെങ്കിൽ ലഭ്യമായ സാമ്പത്തിക സഹായം തിരികെ ഒടുക്കേണ്ടതാണ് കൂടാതെ പരിശീലന പൂർത്തീകരണ പത്രം കോഴ്സ് പൂർത്തീകരിച്ചാൽ ഉടൻ എത്തിക്കേണ്ടതുമാണ്. ഇപ്രകാരമുള്ളപരിശീലന പൂർത്തീകരണ പത്രം വാങ്ങിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട്നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം3, തീ 17-09-2020) കേരളാ സിവിൽസർവ്വീസ് അക്കാദമിയുമായി ബന്ധപ്പെട്ടാണ് പദ്ധതിക്ക് രൂപം നല്കിയതെന്നും, ഉദ്യോഗാർത്ഥികളുടെ പരിശീലന ഫീസ് മുഴുവനായും സിവിൽസർവ്വീസ് അക്കാദമിക്ക് നല്കുന്നതരത്തിലാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നതെന്നും, സിവിൽ സർവ്വീസ് അക്കാദമിയിലെ ഫീസ് വ്യതിയാനത്തിൻറെ ഭാഗമായി പദ്ധതിയിൽ കൂടുതൽ തുക വകയിരുത്തേണ്ടതായിവന്നുവെന്നും, 4,01,200/- രൂപയും സിവിൽസർവ്വീസ് അക്കാദമിയിൽ പരിശീലം നേടിയ 7 പരിശീലനാർത്ഥികൾക്കായി സിവിൽ സർവ്വീസ് അക്കാദമിയിൽ നല്കിയിട്ടുള്ളതാണെന്നും മറുപടി നല്കി. എന്നാൽ പരിശീലനത്തിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന പ്രോജക്ടിൻറെ 37 -ാം കോളത്തിൽആവശ്യമായ വിവരം ചേർക്കാൻ വിട്ടുപോയതാണെന്നും മറുപടി നല്കി.

അംഗീകൃത പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പദ്ധതി നിർവ്വഹണം നടത്തിയതിനാലും, മുകളിൽ ചേർത്തിരിക്കുന്ന അപാകതകളാലും, ടി പ്രോജക്ടിനായി ചെലവഴിച്ച 4,01,200/- രൂപ തടസ്സപ്പെടുത്തുന്നു. മതിയായ വിശദീകരണം ലഭ്യമാക്കിയും, ആവശ്യമായ രേഖകൾഹാജരാക്കിയും പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. – 3/17-09-2020

തടസ്സപ്പെടുത്തുന്ന തുക – 4,01,200/- രൂപ

1-21 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെകൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, 4,28,992/- രൂപ തടസ്സപ്പെടുത്തുന്നു

1) പ്രോജക്ട്- സർക്കാർ – എയിഡഡ് സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ നല്കൽ (35 /19)

അടങ്കൽ തുക - 3,00,000/- രൂപ (വികസന ഫണ്ട്)

ടി പ്രോജക്ടിൻറെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ബിൽ നം 206 തീയതി 23-02-2019 പ്രകാരം 2,93,992/- രൂപ പിൻവലിച്ച് 7 വാട്ടർ പ്യൂരിഫയറുകളുടെ വിലയായി AXIOM AQUA SOLUTION എന്ന സ്ഥാപനത്തിന് നല്കിയിരിക്കുന്നു. ഗുണഭോക്തൃ സ്ഥാപനങ്ങളുടെ പട്ടിക, ഗുണഭോക്തൃ സ്ഥാപനങ്ങളെ അംഗീകരിച്ച കമ്മിറ്റി തിരുമാനം, ഉപകരണങ്ങളുടെ വിതരണം/കൈപ്പറ്റിയതിന്റെ വിവരം, സ്റ്റോക്ക് രജിസ്റ്റർ ഇതുമായി ബന്ധപ്പെട്ട ഇതര രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) തുടർ സാക്ഷരതാ പദ്ധതി, ഗുഡ് ഇംഗ്ലീഷ് (25/19)

അടങ്കൽ തുക – 1,35,000/- രൂപ (വികസനഫണ്ട്)

ബിൽ നം 204, 23-02-2019 പ്രകാരം 1,35,000/- രൂപ പിൻവലിച്ച് കേരള സംസ്ഥാന സാക്ഷരതാ മിഷന് നല്കി. ചെലവുകൾ സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/18.09/2020) മറുപടി ലഭ്യമാക്കിയില്ല.

2 പ്രോജക്ടുകളിലായി ചെലവഴിച്ച (293992 + 135000) 4,28,992/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. – 8/18.09/2020)

തടസ്സപ്പെടുത്തുന്ന തുക – 4,28,992/- രൂപ

1-22 ബാങ്ക് ലോൺ വിവരങ്ങൾ ഹാജരാക്കിയില്ല.

പദ്ധതി : 104/19 ഫാഷൻ ഡിസൈനിംഗും തയ്യൽ പരിശീലനവും

നിർ വ്വഹണം : പട്ടികജാതി വികസന ഓഫീസർ

അടങ്കൽ : 9,97,000/- രൂപ

ചെലവ് : 8,58,400/- രൂപ

പട്ടിക ജാതിക്കാരായ വനിതകളുടെ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിന് പരിശീലനവും ധനസഹായവും ഉദ്ദേശിച്ചുള്ള പദ്ധതി ഓഡിറ്റ് വർഷം സ്പിൽ ഓവറായാണ് അംഗീകാരം നേടിയിട്ടുള്ളത്. 6 ഗ്രൂപ്പുകൾക്ക് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും തയ്യലിലും ഫാഷൻ ഡിസൈനിംഗിലും പരിശീലനവും 5 ഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിന് ബാക്എൻഡ് സബ്സിഡിയുമാണ് നൽകിയിട്ടുള്ളത്. പരിശീലനത്തിനുള്ള ആകെ ചെലവായ 3,96,000/- രൂപയിൽ 1,58,400/- രൂപയാണ് ഓഡിറ്റ് വർഷം നൽകിയത് [ബിൽ നമ്പർ: 1/18-19 തീ. 22-5-18]. ധനസഹായം നൽകിയിട്ടുള്ളത് സൗഭാഗ്യ, ദീപം, ഹരിപ്രഭ, ഐശ്വര്യ, സഖി എന്നീ അഞ്ചു ആക്ടിവിറ്റി ഗ്രൂപ്പുകൾക്കാക്കാണ്. 2,00,000/- രൂപയുടെ വായ്പയ്ക്ക് 70% സബ്സിഡിയായി 1,40,000/- രൂപയാണ് ഓരോ ഗ്രൂപ്പിനുമായി വിവിധ ബാങ്കുകളുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് [5 x 140000 = 7,00,000 ബിൽ നം. 3/18 - 19 തീ . 24.5.18]. പ്രസ്തുത ഗ്രൂപ്പുകളുടെ വായ്പയുടെ വിവരങ്ങളും നിലവിലെ പ്രവർത്തനവും അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പരിശോധിച്ച് വിവരം അറിയിക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ബാക്ക്എൻഡ് സബ്സിഡി നൽകിയിട്ടുള്ള ബാങ്ക് ലോണിന്റെ വിവരങ്ങളും ഗ്രൂപ്പുകളുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ടും നിലവിലെ പ്രവർത്തനം സംബന്ധിച്ച രേഖകളും ഹാജരാക്കാത്തതിനാൽ സബ്സിഡി നൽകിയ 7 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി - 1/15 -9 - 20

തടസ്സപ്പെടുത്തിയ തുക – 7,00,000/- രൂപ

1-23 പി.എസ്.സി. കോച്ചിംഗ് / എൻട്രൻസ് പരിശീലനം പദ്ധതികൾ ക്രമവിരുദ്ധം.

| പദ്ധതി | അടങ്കൽ (രൂപ) | ചെലവ് (രൂപ) | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|
| 105/19 – അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് പി.എസ്.സി കോച്ചിംഗ് | 7,00,000/- എസ്.സി.പി. | 7,00,000/- | പട്ടികജാതി വികസന ഓഫീസർ |
| 106/19 – പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള എൻട്രൻസ് പരിശീലനം | 1,75,000/- എസ്.സി.പി. | 5,000/- | പട്ടികജാതി വികസന ഓഫീസർ |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ബിൽ നമ്പർ | തീയതി | തുക (രൂപ) |
|---|---|---|---|---|
| 1 | 105/19 – അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് പി.എസ്.സി കോച്ചിംഗ് | 12/18-19 | 11-12-18 | 80000 |
| | | 5/18-19 | 31-7-18 | 384000 |
| | | 20/18-19 | 15-2-19 | 60000 |
| | | 21/18-19 | 16-3-19 | 64000 |
| | | 6/18-19 | 29-9-19 | 112000 |
| 2 | 106/19 – പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള എൻട്രൻസ് പരിശീലനം | 22/18-19 | 16-3-19 | 5000 |
| | | | ആകെ | 705000 |

അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് പി.എസ്.സി പരിശീലനം (175 പേർക്ക്), പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള എൻട്രൻസ് പരീക്ഷയ്ക്ക് പങ്കെടുക്കുന്ന കുട്ടികൾക്ക് പരിശീലനം (1 കുട്ടിക്ക്) എന്നീ പദ്ധതികളുടെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.25 പ്രകാരം ഇത്തരത്തിലുള്ള പദ്ധതികൾ ജില്ലാപഞ്ചായത്തുകൾക്കും നഗരസഭകൾക്കും മാത്രമേ നടപ്പിലാക്കുന്നതിന് സാധിക്കൂ. ഉദ്യോഗാർത്ഥികൾ സ്വന്തം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ നൽകുകയും തദ്ദേശസ്വയംഭരണ സ്ഥാപനം ലിസ്റ്റ് തയ്യാറാക്കി ജില്ലാപഞ്ചായത്തിനു നൽകുകയും വേണം. ജില്ലാ പഞ്ചായത്ത് ഗുണഭോക്താക്കളുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കുകയും സംസ്ഥാന തലത്തിൽ താൽപ്പര്യപത്രം ക്ഷണിച്ച് പരിശീലന സ്ഥാപനങ്ങളേയും പരിശീലന നിബന്ധനകളേയും നിശ്ചയിക്കുകയും പരിശീലന ഫീസ് ധാരണയാക്കി നടപ്പിലാക്കുകയുമാണ് വേണ്ടത്. ഈ നിബന്ധനകളിൽ ഒന്നുപോലും ഇവിടെ പാലിച്ചിട്ടില്ല.

2. പരിശീലനാർത്ഥികളിൽ നിന്നും നേരിട്ട് അപേക്ഷ സ്വീകരിച്ചാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. അവർ പരിശീലനം നടത്താൻ ഉദ്ദേശിക്കുന്ന സ്ഥാപനം എത്ര കാലയളവിലുള്ള കോഴ്സാണ് നടത്തുന്നതെന്നതിനെ സംബന്ധിച്ച് ഒരു വിവരവും അപേക്ഷയിലില്ല. അപേക്ഷകർ അവർ അപേക്ഷയിൽ പറയുന്ന സ്ഥാപനത്തിൽ പരിശീലനത്തിൽ പങ്കെടുത്തിട്ടുണ്ടോയെന്ന് നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ചതായി കാണുന്നില്ല.

3. പരിശീലനാർത്ഥി അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന സ്ഥാപനത്തിൻ്റെ അക്കൗണ്ടിലേക്കാണ് തുക നൽകിയിരിക്കുന്നത്. പി.എസ്.സി പരിശീലനത്തിന് ഒരു ഗുണഭോക്താവിന് 4,000/- രൂപയും എൻട്രൻസ് പരിശീലനത്തിന് ഒരു കുട്ടിക്ക് 5,000/- രൂപയും വീതമാണ് നൽകിയത്. എന്നാൽ പണം സ്ഥാപനങ്ങൾ സ്വീകരിച്ചതിനുള്ള രസീത് നൽകിയിട്ടില്ല. സ്ഥാപനങ്ങൾ കോച്ചിംഗ് രംഗത്ത് പ്രവർത്തിക്കുന്നവയാണെന്നോ, എന്തുതരം കോഴ്സാണ് നടത്തുന്നതെന്നോ അവയുടെ ഗുണനിലവാരമോ നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ചിട്ടില്ല. അന്യജില്ലകളിലെ സ്ഥാപനങ്ങൾക്ക് പോലും ഫീസ് നൽകിയതിനാൽ സ്ഥാപനങ്ങൾ നിലവിലുള്ളവയാണോ എന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. സ്ഥാപനങ്ങളുടെ അക്കൗണ്ട് നമ്പർ ബില്ലിലുൾപ്പെടുത്തിയിട്ടുള്ളതല്ലാതെ അവയുടെ ആധികാരികതയും ബോധ്യമായില്ല.

4. പരിശീലനം ലഭിച്ചവർക്ക് അത് പ്രയോജനപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഒരു മോണിറ്ററിംഗും നടത്തിയതായി കാണുന്നില്ല.

പരിശീലന കാലയളവും പരിശീലനാർത്ഥികളുടെ തെരെഞ്ഞെടുപ്പും പരിശീലന സ്ഥാപനങ്ങളുടെ തെരെഞ്ഞെടുപ്പും വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ കുട്ടികൾ പഠിക്കുന്ന സ്ഥാപനത്തിന് തുക വിതരണം ചെയ്യുന്നതിനും കുട്ടികളുടെ ഇഷ്ടത്തിനനുസരിച്ചുള്ള സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്ന രീതിയിലാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നതെന്നാണ് അറിയിച്ചിരിക്കുന്നത്. പരിശീലന സ്ഥാപനത്തിൽ നിന്ന് പരിശീലനാർത്ഥികളുടെ അറ്റൻഡൻസ്

ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആകയാൽ പരിശീലനാർത്ഥികളുടെ പരിശീലനത്തിന്റെ അറ്റൻഡൻസും സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നൽകിയ തുകയുടെ രസീതും ഹാജരാക്കുന്നത് വരെ രണ്ട് പദ്ധതികൾക്കുമായി ചെലവഴിച്ച 7,05,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി-1/15-9-20
തടസ്സപ്പെടുത്തിയ തുക – 7,05,000/- രൂപ

1-24 ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ആസ്തി ആർജ്ജിക്കുന്നതിന് പൊതുപണം ചെലവഴിച്ചു.

| പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | സാങ്കേതികാനുമതി | നിർവ്വഹണോദ്യോഗസ്ഥ | പ്രോജക്ട് അംഗീരകിച്ച കമ്മിറ്റി തീരുമാനം നം. |
|---|---|---|---|---|---|
| S0059/19 ചക്കുവരയ്ക്കൽ സഹകരണ ആശുപത്രിക്ക് പാലീ യേറ്റീവ് കെയർ കെട്ടിടം | 1379845 | 1376980 | ടി.എസ്സ്.333301/ 2018-19 | അസി.എഞ്ചിനീയർ | I/1, തീയതി – 14.3.2018 |
| S0062/19 ചക്കുവരയ്ക്കൽ സഹകരണ ആശുപത്രിയ്ക്ക് പൊതു ടോയ്ലറ്റ് നിർമ്മാണം | 300000 | 295389 | ടി.എസ്സ്.41999/ 2018-19 | അസി.എഞ്ചിനീയർ | I/1, തീയതി – 14.3.2018 |
| S0161 / 19 ചക്കുവരയ്ക്കൽ സഹകരണ ആശുപത്രിക്ക് പാലിയേറ്റീവ് കെട്ടിട നിർമ്മാണ പൂർത്തീകരണം | 699807 | 58091 | ടി.എസ്സ്.103073/ 2018-19 | അസി. എഞ്ചിനീയർ | I/3, തീയതി –10.12.2018 |
| S0073/19 ചെങ്ങമനാട് കാപ്പെക്സ് കശുവണ്ടി ഫാക്ടറിയ്ക്ക് ഷീ ടോയ്ലറ്റ് | 896844 | 856727 | ടി.എസ്സ്.54824/ 2018-19 | അസി. എഞ്ചിനീയർ | I/1, തീയതി – 14.3.2018 |
| S0135/19 കശുവണ്ടി വികസന കോർപ്പറേഷൻ പുത്തൂർ ഫാക്ടറിയ്ക്ക് ഷീ ടോയ്ലറ്റ് നിർമ്മാണം. | 849875 | 836280 | ടി.എസ്സ്.48949/ 2018-19 | അസി. എഞ്ചിനീയർ | I/1, തീയതി – 14.3.2018 |
| | 4126371 | 3423467 | | | |

ഓഡിറ്റ് വർഷം എ.ഇ. നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ പരിശോധനയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലോ, മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ സർക്കാരിന്റെ നിയന്ത്രണത്തിലോ അല്ലാത്ത സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പദ്ധതിയുടെ പേര് | ബിൽ നമ്പർ | തീയതി | തുക (രൂപ) | |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1 | S059/19 ചക്കുവരയ്ക്കൽ സഹകരണ ആശുപത്രിക്ക് പാലീ യേറ്റീവ് കെയർ കെട്ടിടം | 9/18-19 | 31-10-18 | 1126578 | 1376980/- രൂ |
| | | 24/18-19 | 5-1-19 | 250402 | |
| 2 | s062/19 ചക്കുവരയ്ക്കൽ സഹകരണ ആശുപത്രിയ്ക്ക് പൊതു ടോയ്ലറ്റ് നിർമ്മാണം | 27/18-19 | 22-1-19 | 295389 | 295389/- രൂ |
| 3 | 161/19ചക്കുവരയ്ക്കൽ സഹകരണ ആശുപത്രിക്ക് പാലിയേറ്റീവ് കെട്ടിട നിർമ്മാണ പൂർത്തീകരണം | 64/18-19 | 21-3-19 | 58091 | 2019-20ൽ പൂർത്തിയാക്കി |
| 4 | 73/19 ചെങ്ങമനാട് കാപ്പെക്സ് കശുവണ്ടി ഫാക്ടറിയ്ക്ക് ഷീ ടോയ്ലറ്റ് | 19/18-19 | 21-12-1500px8 | 404763 | 856727/- രൂ |
| | | 61/18-19 | 19-3-19 | 451964 | |
| 5 | 135/19 കശുവണ്ടി വികസന കോർപ്പറേഷൻ പുത്തൂർ ഫാക്ടറിയ്ക്ക് ഷീ ടോയ്ലറ്റ് നിർമ്മാണം. | 59/18-19 | 21-3-19 | 470665 | 836280/- രൂ |
| | | 76/18-19 | 27-3-19 | 58078 | |
| | | 12/18-19 | 30-11-18 | 307537 | |
| | | | ആകെ | 3423467 | |

സഹകരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച് സബ്സിഡി മാർഗ്ഗരേഖയിൽ [സർക്കാർ ഉത്തരവ്: (കൈ)നം.22/2018 തീയതി-14-2-18] ഖണ്ഡിക 6.10 ൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഖണ്ഡിക 6.10.1.3 പ്രകാരം ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ പ്രവർത്തന പരിധിയുള്ള സഹകരണ സ്ഥാപനങ്ങൾക്ക് മാത്രമാണ് ധനസഹായം നൽകാവുന്നത്. കാപ്പെക്സ് സംസ്ഥാന തലത്തിൽ പ്രവർത്തന പരിധിയുള്ള സ്ഥാപനമാകയാൽ ബ്ലോക്ക് പഞ്ചായത്തിന് ധനസഹായം നൽകുന്നതിന് സാധിക്കില്ല. പ്രവർത്തനമേഖല പരിഗണിക്കാതെ ആനുകൂല്യം നൽകുന്നതിന് ഖണ്ഡിക 6.10.1.6 സൂചിപ്പിക്കുന്ന സംഘങ്ങളിൽ കശുവണ്ടി വ്യവസായ സംഘം ഉൾപ്പെടുന്നുമില്ല. കശുവണ്ടി വികസന കോർപ്പറേഷന് ധനസഹായം നൽകാൻ ഒരു ഉത്തരവിലും ബ്ലോക്ക് പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഈ രണ്ടു സ്ഥാപനത്തിലും ധനസഹായത്തിനു പകരം പ്ലാൻ ഫണ്ട് നേരിട്ട് ചെലവഴിക്കുകയാണുണ്ടായിട്ടുള്ളത്.

ചക്കുവരയ്ക്കൽ സഹകരണ ആശുപത്രി ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന ഒരു സഹകരണ സ്ഥാപനമാണ്. സബ്സിഡി മാർഗ്ഗരേഖയിൽ സഹകരണ മേഖലയ്ക്ക് ധനസഹായം നൽകാമെന്നു പറയുന്നുണ്ടെങ്കിലും അവ ചില പ്രത്യേക ഘടകങ്ങൾക്ക് വേണ്ടി ബാങ്കുകളിൽ നിന്നെടുക്കുന്ന വായ്പയ്ക്ക് ബാക്ക്-എൻഡ് സബ്സിഡിയായായാണ് നൽകേണ്ടത്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.14ൽ നൽകാവുന്ന സബ്സിഡി നിർമ്മാണ ചെലവിന്റെ 80%/10 ലക്ഷത്തിൽ അധികരിക്കാതെ നൽകണമെന്നും ആകെ അടങ്കലിന്റെ 2/3 ഭാഗം സഹകരണ സംഘത്തിന്റെ ഗുണഭോക്തൃ വിഹിതമായി മുടക്കാൻ സംഘം സന്നദ്ധമായിരിക്കണം എന്ന് വ്യക്തമാക്കുന്നുണ്ട്. മാത്രമല്ല ഖണ്ഡിക 6.10.4ൽ സൂചിപ്പിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുകയും വേണം. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്ലാൻ ഫണ്ടിൽ നിന്ന്

മുഴുവൻ തുകയും ചെലവഴിച്ചാണ് ചക്കുവരയ്ക്കൽ സഹകരണ ആശുപത്രിയ്ക്ക് കെട്ടിടവും ടോയ്ലറ്റും പണികഴിപ്പിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് ഇതു സംബന്ധിച്ച് യാതൊരു കരാറും ആശുപത്രി അധികൃതരുമായി ഉണ്ടാക്കിയതായി കാണുന്നില്ല. തുക സംബന്ധിച്ച് നൽകിയ എൻക്വയറി 12 നുള്ള മറുപടിയിൽ മാർഗ്ഗരേഖ പ്രകാരം പദ്ധതി ഏറ്റെടുക്കാൻ കഴിയില്ലെന്ന് കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ പ്രസിഡന്റിനു നൽകിയ കത്തിന്റെ പകർപ്പ് നൽകിയിട്ടുണ്ട്. തുടർ നടപടികൾ ഇല്ലാത്തതിനാൽ ആയതു പരിഗണിക്കാൻ കഴിയുന്നില്ല.

ഇക്കാരണങ്ങളാൽ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.10.3ൽ പറയുന്ന അപേക്ഷ സ്വീകരിക്കൽ നടപടികളുടെ വിവരങ്ങളും 6.10.4ലും 6.14ലും പറയുന്ന യോഗ്യതാ മാനദണ്ഡ വിവരങ്ങളും ഖണ്ഡിക 6.10.7ൽ സൂചിപ്പിക്കുന്ന കരാറും വായ്പ വിവരങ്ങളും ഹാജരാക്കുന്നതു വരെ ചക്കുവരയ്ക്കൽ സഹകരണ ആശുപത്രിയിലും ചെമ്മങ്ങനാട് കാപ്പെക്സ് ഫാക്ടറിയിലും നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾക്കു ചെലവായ തുകയും, പൊതുമേഖല സ്ഥാപനങ്ങൾക്ക് ആസ്തി സൃഷ്ടിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് തുക ചെലവഴിക്കാൻ നിർദ്ദേശമില്ലാത്തതിനാൽ പുത്തൂർ കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറിയിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ തുകയും ചേർത്ത് 34,23,467/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കാപ്പെക്സും കശുവണ്ടി വികസന കോർപ്പറേഷനും കശുവണ്ടി ഫാക്ടറികൾ വാടകയ്ക്ക് എടുത്ത് പ്രവർത്തിപ്പിക്കാറുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ ഫാക്ടറികളുടെ ഉടമസ്ഥാവകാശവും സ്ഥാപനങ്ങളുമായുള്ള കരാറും ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 12/18-9-20

തടസ്സപ്പെടുത്തുന്ന തുക – 34,23,467/- രൂപ

1-25 മൊബൈൽ വെറ്ററിനറി ക്ലിനിക് - ക്ലിനിക്ക് പ്രവർത്തിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| | | |
|---|---|---|
| പദ്ധതി നമ്പർ | എസ്. 0103/2018-2019 | |
| പദ്ധതിയുടെ പേര് | മൊബൈൽ വെറ്ററിനറി ക്ലീനിക് | |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) | |
| അടങ്കൽ തുക | 5,87,500/- രൂപ | |
| ചെലവ് - ബിൽ നമ്പർ, തുക | പി.ഒ1/21.08.2018 | 3,50,000/- രൂപ |
| | പി.ഒ5/22.01.2019 | 25,000/- രൂപ |
| | പി.ഒ5/22.01.2019 | 1,87,500/- രൂപ |
| | പി.ഒ5/23.01.2019 | 25,000/- രൂപ |

സീനിയർ വെറ്ററിനറി സർജൻ (ഇൻ-ചാർജ്ജ്) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് മൊബൈൽ വെറ്ററിനറി ക്ലീനിക്. വെട്ടിക്കവല ഗ്രാമപഞ്ചായത്ത് പരിധിയിൽ പല പ്രദേശങ്ങളിലെയും കർഷകർക്ക് മൃഗചികിത്സാ സൗകര്യങ്ങൾ യഥാസമയത്ത് ലഭ്യമാക്കുന്നതിനും കർഷകരെ ബോധവൽക്കരിക്കുന്നതിനും ഒരോ ആഴ്ചയിലും കുറഞ്ഞത് രണ്ട് ക്ഷീരസംഘങ്ങളിലും അങ്ങനെ ഒരുവർഷം 100 മൊബൈൽ ക്ലിനിക് സംഘടിപ്പിക്കുന്നതിനും പദ്ധതി ഭാവനം ചെയ്തിരിക്കുന്നു. ഈ പദ്ധതിയുടെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. മൊബൈൽ ക്ലീനിക് ഏതൊക്കെ ക്ഷീരസഹകരണ സംഘങ്ങളിൽ എപ്പോൾ നടന്നുവെന്ന് വ്യക്താക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
2. എത്ര ക്ലീനിക്/ക്യാമ്പുകൾ സംഘടിപ്പിച്ച എന്നതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
3. മേൽ ബിൽ നമ്പർ 1/21.8.2018 ഉം 5/21.1.2019 ഉം പ്രകാരം 5,37,500/- രൂപയ്ക്ക് മരുന്നു വാങ്ങുന്നതിനായി നൈസ് ഫാർമസ്യൂട്ടിക്കൽസിന് നൽകിയിട്ടുണ്ടെങ്കിലും മരുന്ന് ലഭ്യമായതിന്റെയോ അത് സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മരുന്ന് ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ രേഖകളും ഗുണഭോക്താക്കൾ ക്യാമ്പുകളിൽ പങ്കെടുത്തതിന്റെയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
4. ക്ലീനിക്ക് നടത്തിപ്പിനായി വാഹനം ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഏത് തരത്തിലുള്ള വാഹനമാണെന്നതിന്റെയോ ക്വട്ടേഷൻ ക്ഷണിച്ചതിന്റെയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
5. ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വെറ്ററിനറി ആശുപത്രിയിലും ഊർജ്ജിത കന്നുകാലി വികസന കേന്ദ്രങ്ങളിലുമായി ചികിത്സയ്ക്കും മരുന്നുകൾ നൽകുന്നതിലേക്കും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അതിനാൽ തന്നെ ഏത് അടിയന്തിര സാഹചര്യത്തിലാണ് മരുന്നുകൾ നൽകുന്നതിലേക്ക് മാത്രമായി ഇത്തരം ഒരു പദ്ധതി നടപ്പിലാക്കിയത് എന്ന് വ്യക്തമാകുന്നില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മേൽ കാരണങ്ങളാൽ ഈ പദ്ധതിയ്ക്കായി ചെലഴിച്ച തുക തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകേണ്ടതും രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 14/18.09.2020
തടസ്സപ്പെടുത്തിയ തുക – 5,87,500/- രൂപ

1-26 എന്റർപ്രണർഷിപ്പ് ഫെസിലിറ്റേറ്റിംഗ് സെന്റർ - പദ്ധതി പൂർത്തീകരിച്ചില്ല.

| | | |
|---|---|---|
| പദ്ധതി നമ്പർ | എസ്.097/2018-2019 | |
| പദ്ധതിയുടെ പേര് | എന്റർപ്രണർഷിപ്പ് ഫെസിലിറ്റേറ്റിംഗ് സെന്റർ | |
| ഫണ്ട് | വികസന ഫണ്ട് | |
| ചെലവ്- ബിൽ നമ്പർ, തുക | 1/25.07.2018 | 33,577/- രൂപ |
| | 2/17.08.2018 | 15,128/- രൂപ |

വെട്ടിക്കവല ഗ്രാമപഞ്ചായത്തിൽ വ്യവസായ സംരഭകരെ പ്രോത്സാഹിപ്പിക്കുന്നതിലേക്ക് ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് എന്റർപ്രണർഷിപ്പ് ഫെസിലിറ്റേറ്റിംഗ് സെന്റർ. 2018-19 വർഷം സെന്ററിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ കസേരകൾ, ഷെൽഫ് എന്നിവ ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ 15,128/- രൂപ (ബിൽ നമ്പർ-2/17.08.2018) ചെലവഴിച്ച് പൊതുമാർക്കറ്റിൽ നിന്നും വാങ്ങുകയും കമ്പ്യൂട്ടർ ലഭിക്കുന്നതിന് കെൽട്രോണിന് പ്രഫോർമ ഇൻവോയ്സ് നമ്പർ ടി.വി.എം/ഐ.ടി.ബി.ജി./പി1/ആർ.സി/2649/2017-2018 തീയതി 19.07.2018 പ്രകാരം 33,577/- രൂപ (ബിൽ നമ്പർ-1/25.07.2018) നൽകിയെങ്കിലും നാളിതുവരെയും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല.

ഇതു സംബന്ധിയായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ജി.ഒ.(ആർ.ടി)298/2018.ഐ.റ്റി.ഡി., തീ-22.11.2018 പ്രകാരം കമ്പ്യൂട്ടറിന്റെ വിലയിൽ 1,982/- രൂപയുടെ വർദ്ധനവുണ്ടായതിനാൽ ഒടുക്കിയ തുകയ്ക്ക് കമ്പ്യൂട്ടർ ലഭ്യമാകാനുള്ള സാഹചര്യമില്ലായെന്നും 2019-20 സാമ്പത്തിക വർഷം ബ്ലോക്കിന്റെ തനത് ഫണ്ടിൽ നിന്നും 1,982/- രൂപ വകയിരുത്തി സ്പിൽ ഓവറായി പദ്ധതി പൂർത്തിയാക്കുമെന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ 19.7.2018 ലെ ഇൻവോയ്സ് പ്രകാരം 25.7.2018 ൽ കമ്പ്യൂട്ടറിന്റെ വിലയായി 33,577/- രൂപ നൽകിയതിനാൽ 22.11.2018 ലെ മേൽ ഉത്തരവ് ഈ വാങ്ങലിന് ബാധകമല്ല. അതിനാൽ അധികം തുക ഒടുക്കേണ്ട ആവശ്യവുമില്ല. കമ്പ്യൂട്ടർ വാങ്ങലിന് കെൽട്രോണുമായി കരാർ ചമയ്ക്കാതിരുന്നതാണ് ഇത്തരമൊരു വിലപേശലിന് ഇടയാക്കിയത്. ഇത് പദ്ധതി നിർവ്വഹണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

കമ്പ്യൂട്ടർ നാളിതുവരെയും ലഭ്യമാകാത്തതിനാൽ എന്റർപ്രണർഷിപ്പ് ഫെസിലിറ്റേറ്റിംഗ് സെന്റർ എന്ന പരിഷ്കൃതാശയത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായിട്ടില്ല. തുക ചെലവഴിച്ച് രണ്ട് സാമ്പത്തിക വർഷം കഴിഞ്ഞിട്ടും കമ്പ്യൂട്ടർ ലഭ്യമാകാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 33,577/- രൂപ തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടർ ലഭ്യമാകാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 13/18.09.2020
തടസ്സപ്പെടുത്തിയ തുക – 33,577/- രൂപ

1-27 പി.എം.എ.വൈ. (എസ്.സി.പി) ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പി.എം.എ.വൈ. ഭവന നിർമ്മാണ പദ്ധതിയിൽ 2017-2018, 2018-2019 സാമ്പത്തിക വർഷങ്ങളിൽ എഗ്രിമെന്റ് വച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ, പേര്<br>ബിൽ നമ്പർ, തുക | ഗുണഭോക്താക്കളുടെ പേര് | 2018-2019 സാമ്പത്തിക വർഷം കൈപ്പറ്റിയ തുക (രൂപ) |
|---|---|---|---|
| 1 | എസ്. 028/2018-2019/<br>പി.എം.എ.വൈ (പട്ടികജാതി വിഭാഗം)<br>ഫണ്ട്. വികസന ഫണ്ട് (എസ്.സി.പി)<br>ബി.ആർ.എൻ. 1804016306410096063 1/19.12.2018<br>തുക 8,64,000 രൂപ | ശ്രീമതി. സരസ്വതി,<br>വസന്ത ഭവൻ,<br>കിഴക്കേത്തെരുവ് | 72,000/- |
| | | ശ്രീമതി. രാജമ്മ,<br>നാരങ്ങാവിള,<br>ചേത്തടി | 72,000/- |
| | | ചിറ്റ,<br>തുണ്ടുവിള വീട്,<br>തേവന്നൂർ | 72,000/- |
| | | സജീവ് കുമാർ,<br>കൊച്ചുപുത്തൻവീട്,<br>ഉമ്മന്നൂർ | 72,000/- |
| | | ചെല്ലമ്മ,<br>മുളക് വിള വീട്.<br>ഉമ്മന്നൂർ | 72,000/- |
| 2. | എസ്. 030/2018-2019/<br>പി.എം.എ.വൈ (പട്ടികജാതി വിഭാഗം)<br>ഫണ്ട്. വികസന ഫണ്ട് (എസ്.സി.പി)<br>ബി.ആർ.എൻ. 18040163062102951203 1/04.03.2019<br>തുക 11,20,000/- രൂപ | സരസ്വതി,<br>വസന്തഭവൻ,<br>കിഴക്കേത്തെരുവ് | 2,80,000/- |
| | | | 6,40,000/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. സെക്രട്ടറിയുടെ ബിൽബുക്ക് ഹാജരാക്കിയിട്ടില്ല. ഈ ഗുണഭോക്താക്കൾക്ക് നൽകിയ തുക തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ട

നടപടികൾ സ്വീകരിക്കേണ്ടതും നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം തുക തിരികെ ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 05/17.09.2020
തടസ്സപ്പെടുത്തിയ തുക – 6,40,000/- രൂപ

1-28 ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ലൈഫ് ഭവന നിർമ്മാണ പദ്ധതികളിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടെങ്കിലും അതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ, പേര് | ബിൽ നമ്പർ, തുക | ഗ്രാമപഞ്ചായത്തുകളുടെ പേര് | നൽകിയ തുക (രൂപ) |
|---|---|---|---|---|
| 1 | എസ്.0031/2018-2019 ലൈഫ് പദ്ധതി (ജനറൽ വിഭാഗം) ഫണ്ട്- വികസന ഫണ്ട് അടങ്കൽ - 73,45,200 ചെലവ് - 73,45,200 | ബി.ആർ.എൻ. 18040163064100303418/09.07.2018 തുക-60,00,000/- | ഉമ്മന്നൂർ | 10,00,000/- |
| | | | മൈലം | 10,00,000/- |
| | | | കുളക്കട | 10,00,000/- |
| | | | മേലില | 10,00,000/- |
| | | | വെട്ടിക്കവല | 10,00,000/- |
| | | | പവിത്രേശ്വരം | 10,00,000/- |
| | | ബി.ആർ.എൻ. 18040163064100737219/30.10.2018 തുക-6,72,600/- | മൈലം | 2,24,200/- |
| | | | മേലില | 2,24,200/- |
| | | | പവിത്രേശ്വരം | 2,24,200/- |
| | | ബി.ആർ.എൻ. 18040163064100909707/1.12.2018 തുക-4,48,400/- | ഉമ്മന്നൂർ | 2,24,200/- |
| | | | വെട്ടിക്കവല | 2,24,200/- |
| | | ബി.ആർ.എൻ. 18040163064100960314/19.12.2018 തുക-2,24,200/- | കുളക്കട | 2,24,200/- |
| 2 | എസ്.0032/2018-2019 ലൈഫ് പദ്ധതി (ജനറൽ വിഭാഗം) ഫണ്ട്- വികസന ഫണ്ട് (എസ്.സി.പി) അടങ്കൽ - 23,15,064 ചെലവ് - 23,15,064 | ബി.ആർ.എൻ. 18040163064100630095/10.10.2018 തുക-22,00,000/- | ഉമ്മന്നൂർ | 5,50,000/- |
| | | | മൈലം | 5,50,000/- |
| | | | വെട്ടിക്കവല | 5,50,000/- |
| | | | പവിത്രേശ്വരം | 5,50,000/- |
| | | ബി.ആർ.എൻ. 18040163064100910108/10.12.2018 തുക-1,15,064/- | പവിത്രേശ്വരം | 1,15,064/- |
| 3 | എസ്.0157/2018-2019 | ബി.ആർ.എൻ. | ഉമ്മന്നൂർ | 8,50,000/- |

| | | | | |
|---|---|---|---|---|
| | ലൈഫ് പദ്ധതി - രണ്ടാം വിഹിതം (ജനറൽ വിഭാഗം) ഫണ്ട്- വികസന ഫണ്ട് (ജനറൽ) അടങ്കൽ – 20,50,000/- ചെലവ് - 20,50,000/- | 18040163064100961741/19.12.2018 തുക – 20,50,000/- | കുളക്കട | 6,50,000/- |
| | | | മേലില | 5,50,000/- |
| 4 | എസ്.0159/2018-2019 ലൈഫ് പദ്ധതി - പട്ടികജാതി വിഭാഗം രണ്ടാം വിഹിതം (എസ്.സി.പി) ഫണ്ട്- വികസന ഫണ്ട് (എസ്.സി.പി) അടങ്കൽ - 56,00,000 ചെലവ് - 56,00,000 | ബി.ആർ.എൻ. 18040163064100960631/19.12.2018 തുക-56,00,000/- | മൈലം | 18,00,000/- |
| | | | വെട്ടിക്കവല | 20,00,000/- |
| | | | പവിത്രേശ്വരം | 18,00,000/- |

മേൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. സെക്രട്ടറിയുടെ ബിൽബുക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ഈ പദ്ധതിയിലേക്ക് ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ – 05/17.09.2020
തടസ്സപ്പെടുത്തിയ തുക – 1,73,10,264/- രൂപ

1-29 ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ കേരകൃഷി - ഡ്രിപ്പ് ഇറിഗേഷൻ - പ്രവർത്തനം പൂർണതോതിലല്ല.

2018-2019 സാമ്പത്തിക വർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ കേരകൃഷി - ഡ്രിപ്പ് ഇറിഗേഷൻ.

| | |
|---|---|
| പദ്ധതി നമ്പർ | എസ്. 006/2018-2019 |
| ഫണ്ട് | വികസന ഫണ്ട് |
| അടങ്കൽ | 75,000/- രൂപ |
| ചെലവ്, ബിൽ നമ്പർ, തീയതി | 74,050/- രൂപ, പി.പി.6/2018-2019, തീയതി 14.03.2020 |

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ പുതിയതായി നട്ട കേര വൃക്ഷത്തൈകൾക്കും, പച്ചക്കറി കൃഷിക്കും ഉദ്യാനത്തിലെ ചെടികൾക്കും വേനൽകാലത്ത് ജലസേചനത്തിനായി ആവിഷ്കരിച്ച

പദ്ധതിയാണ് ഇത്. നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ 18.09.2020 11 മണിക്ക് നടത്തിയ പ്രാദേശിക പരിശോധനയിൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ വടക്ക് പടിഞ്ഞാറ് ഭാഗത്ത് ഡ്രിപ്പ് ഇറിഗേഷന് വേണ്ടി സ്ഥാപിച്ച പൈപ്പുകൾ നശിപ്പിക്കപ്പെട്ട് ജലസേചനത്തിന് ഉതകാത്ത രീതിയിൽ കാണപ്പെട്ടു. കിഴക്ക് ഭാഗത്ത് ഈ സംവിധാനം ഭാഗികമായി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. പൂർത്തീകരിച്ച് 2 വർഷം പോലും ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഡ്രിപ്പ് ഇറിഗേഷൻ സ്ഥാപിച്ചതിനുശേഷം ബ്ലോക്ക് കോമ്പൗണ്ടിൽ നടത്തിയ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ കാരണം പൈപ്പുകൾ പൊട്ടിയതിനാലാണ് വടക്ക് വശവും പടിഞ്ഞാറുവശവും പ്രവർത്തിക്കാത്തത് എന്നും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിന് ശേഷം പൂർണ്ണമായി പ്രർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. അപ്രകാരം പൂർത്തീകരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 10/18.09.2020

1-30 തേനീച്ച കൃഷി- നടപടി ക്രമങ്ങൾ പാലിക്കാതെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തു.

കൃഷി അസി. ഡയറക്ടർ നിർവ്വഹണം നടത്തിയ തേനീച്ച കൃഷി എന്ന നൂതന പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം കൈപ്പറ്റ് രസീത് നൽകാതെ പിരിച്ചെടുത്ത് ചട്ടവിരുദ്ധമായി പൊതുപ്പണം കൈവശം സൂക്ഷിച്ചു.

| | | | |
|---|---|---|---|
| പദ്ധതി നമ്പർ | | എസ്. 006/2018-2019 | |
| ഫണ്ട്, അടങ്കൽ | വികസന ഫണ്ട് | 10,05,000/- രൂപ | |
| | ഗുണഭോക്തൃ വിഹിതം | 1,00,000/- രൂപ | |
| ചെലവ് ബിൽ നമ്പർ, തീയതി | | പി.പി.02/2018-2019, തീയതി 30.11.2018 | 5,25,000/- രൂപ |
| | | പി.പി.04/2018-2019, തീയതി 19.12.2018 | 3,40,000/- രൂപ |
| | | പി.പി.04/2018-2019, തീയതി 24.01.2019 | 1,40,000/- രൂപ |
| | | ചെക്ക് നമ്പർ തീയതി 24.01.2019 | 1,00,000/- രൂപ |

50 ജെ.എൽ.ജി./ഹരിതസേന/കുടുംബശ്രീ യൂണിറ്റുകൾക്ക് ട്രയിനിംഗ് നൽകി ഒരു ഗ്രൂപ്പിന് 20 തേനീച്ചക്കൂട് വീതം നൽകുന്നതിനായാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തത്. ഒരു തേനീച്ചക്കൂടിന്റെ വിലയായ 1100/- രൂപയിൽ 100/- രൂപയായിരുന്നു ഗുണഭോക്തൃവിഹിതം. ഒരു ഗ്രൂപ്പിൽ നിന്നും 2000/- രൂപ വീതം ഗുണഭോക്തൃ വിഹിതം ശേഖരിച്ച് 50 ഗ്രൂപ്പുകളിൽ നിന്നും 1,00,000/-രൂപ പിരിച്ചെടുത്ത് റെയ്ഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ശേഖരിക്കുമ്പോൾ നല്കുന്ന രസീത് ബുക്ക് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രസീത് ബുക്ക് പ്രകാരമല്ല തുക ശേഖരിച്ചതെന്നും, ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കളിൽ നിന്നും ശേഖരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തി അത് ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കുകയുമാണ് ചെയ്തിട്ടുള്ളത് എന്നും, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി രസീത് ബുക്ക് ലഭിക്കാറില്ലായെന്നും മറുപടി ഹാജരാക്കിയിട്ടുണ്ട്. സാംഖ്യ സമ്പ്രദായം നിലവിൽ വന്ന ശേഷം വെട്ടിക്കവല ബ്ലോക്ക്

പഞ്ചായത്തിൽ മാന്വൽ രസീത് ബുക്കുകൾ ഉപയോഗിക്കുന്നില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ശേഖരിക്കേണ്ട സാഹചര്യത്തിൽ തുക ഒരുമിച്ച് ഗുണഭോക്താക്കളിൽ നിന്നും പിരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കി അവിടെ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥൻെറ പേരിൽ ആകെ തുകയ്ക്ക് ഒരു രസീത് മാത്രം നൽകുന്ന രീതിയാണ് ഇപ്പോൾ പ്രാവർത്തികമാക്കുന്നത്. ഇത് ഗുരുതരമായ ചട്ടലംഘനമാണ്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം1. ആർട്ടിക്കിൾ 7(1) പ്രകാരം സർക്കാരിനു ലഭിക്കാനുള്ള ഏതെങ്കിലും തുക ലഭിച്ചു കഴിഞ്ഞാൽ ലഭിച്ച തുകയ്ക്ക് തുക ഒടുക്കിയ വ്യക്തിക്ക് രസീത് നൽകേണ്ടതാണ്. ഈ നിയമം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനും അതിൻെറ നിർവ്വഹണ ഉദ്യോഗസ്ഥനും ഏറെ ബാധകമാണ്. മാന്വൽ രസീത് ബുക്ക് ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതിയിൽ ഉൾപ്പെട്ട ഓരോ ഗുണഭോക്താവും ഗുണഭോക്തൃ വിഹിതം ബ്ലോക്ക് പഞ്ചായത്തിൽ നേരിട്ട് ഒടുക്കു വരുത്തി ആ രസീതുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻെറ കാര്യാലയത്തിൽ കളക്ഷൻ രജിസ്റ്ററിനൊപ്പം സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഗുണഭോക്തൃ വിഹിതം ശേഖരിക്കുന്നതിൽ യാതൊരു സുതാര്യതയും ഇല്ല. ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതമിനത്തിൽ എത്ര രൂപ വീതം ശേഖരിച്ചുവെന്നതിന് യാതൊരു ആധികാരിക രേഖയും ഇല്ല.ഈ വിഷയത്തിൻമേൽ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും രേഖാമൂലം വിശദീകരണം വാങ്ങി അതിന്മേൽ സെക്രട്ടറിയുടെ അഭിപ്രായം കൂടി രേഖപ്പെടുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 10/18.09.2020

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിൽ അപാകത - 51084/- രൂപ നിരാകരിക്കുന്നു

പ്രോജക്ട് - കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും (16/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ തുക - 3,00,000/- രൂപ (സംരക്ഷണ ഗ്രാന്റ്, റോഡിതരം)

ബ്ലോക്ക് പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങളിലേയ്ക്ക് 6 കമ്പ്യൂട്ടർ, 6 പ്രിന്റർ, 2 ലാപ്ടോപ്പ് എന്നിവ വാങ്ങുന്നതിനുള്ളതാണ് ടി പ്രോജക്ട്. Centralised Procurment Portal മുഖേന 6 ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ, (Medium and Window 10 Prof) വാങ്ങുന്നതിന് ഒന്നിന് 38533

രൂപ പ്രകാരം 6 എണ്ണത്തിന് 2,31,198/- രൂപ ബിൽനം 22, തീയതി 09-07-2018 പ്രകാരം പിൻവലിച്ച് കെൽട്രോണിന് നല്കി. തുടർന്ന് (G.O.(Rt) No.298/2018/ITD/ Dt 22/11/2018 ഉത്തരവ് പ്രകാരം ഉപകരണങ്ങളുടെ വില 41,259/- രൂപയായി വർദ്ധിച്ചതിനാൽ) അധിക തുകയായ 16,356/- രൂപ കൂടി ബിൽ നം 158, 21-01-2019 പ്രകാരം ടി സ്ഥാപനത്തിന് നല്കി. ഫയലുകൾ പരിശോധിച്ചതിൽ 5 ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ, ലഭിച്ചിട്ടുണ്ട് സ്ഥാപനത്തിന്റെ ഇൻവോയിസ് പ്രകാരം (നം 2110156354) 5 കമ്പ്യൂട്ടറുകളുടെ ആകെ തുക (നികുതികൾ ഉൾപ്പെടെ ) 1,96,470/- രൂപയാണ്.

കെൽട്രോണിൽ അടവാക്കിയ 2,47,554/- രൂപയിൽ കെൽട്രോൺ ഇൻവോയിസ് പ്രകാരം 5 കമ്പ്യൂട്ടറിന്റെ വിലയായ 1,96,470/- രൂപ കഴിച്ച് ബാക്കി തുകയായ 51,084 /-രൂപ തിരികെ ഈടാക്കിയിട്ടില്ല.

നാളിതുവരെ കെൽട്രോണിന് അധികം നല്കിയ തുക തിരികെ ഈടാക്കിയിട്ടില്ലാത്തതിനാൽ അധികമായി നല്കിയ 51,084/- രൂപാ നിരാകരിക്കുന്നു. ടി തുക കെൽട്രോണിൽ നിന്ന് തിരികെ വാങ്ങാൻ നടപടി എടുത്തിട്ടില്ലാത്തതിനാൽ, ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതാണ്.

നിരാകരണം - 51,084/- രൂപ

ഓഡിറ്റ് അന്വേഷണം - 02/16-09-2020

3-2 അധികം നല്കിയിട്ടുള്ള സെന്റേജ് ചാർജ്ജ് നിരാകരിക്കുന്നു.

കേരള വാട്ടർ അതോറിറ്റി മുഖേന 2018-19ൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും, 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജ്ജ് ഈടാക്കിയിട്ടുണ്ട്. എന്നാൽ പി.ഡബ്ല്യൂ.ഡി മാന്വൽ വാട്ടർ അതോറിറ്റിക്കും ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള 2.5% സെന്റേജ് ചാർജ്ജ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ഈടാക്കാവുന്നതല്ലെന്ന് സ.ഉ.(സാധാ)നം./1069/2018/തസ്വഭവ, 16-04-2018 പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ 12.5% നിരക്കിൽ സെൻറേജ് ചാർജ്ജ് കണക്കാക്കിയാണ് കേരള വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കുവരുത്തിയിട്ടുള്ളത്. വിശദവിവരം താഴെകൊടുക്കുന്നു.

i) വാട്ടർ അതോറിറ്റിക്ക് ലൈന് എക്സ്റ്റൻഷൻ മേലില (70/19)

| | | |
|---|---|---|
| 1 | Estimate amount | 310852.29/-രൂ |
| 2 | Centage charge 12.5% | 38856.54/-രൂ |
| 3 | Total with Centage charge | 349708.83/-രൂ |
| 4 | Lump sum | 291.17/-രൂ |
| 5 | Total Amount | 350000/-രൂ |
| 6 | ഈടാക്കേണ്ടിയിരുന്ന സെൻറേജ് ചാർജ് | 31,085.2/-രൂ |
| | അധികം നല്കിയ സെൻറെജ് ചാർജ്ജ് | 7771/--രൂ |

ബിൽ നം.19, തീ.09-07-2018 പ്രകാരം വികസന ഫണ്ട് 350000/- രൂപ പിൻവലിച്ച് കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തി.

ii) കക്കാട് കുന്നംപുറം കുടിവെള്ള പദ്ധതി, പവിത്രേശ്വരം ഗ്രാമ പഞ്ചായത്ത്(60/19)

| | | |
|---|---|---|
| 1 | Estimate amount | 435196.16/-രൂ |
| 2 | Centage charge 12.5% | 54399.39/-രൂ |
| 3 | Total with Centage charge | 489594.55/-രൂ |
| 4 | Lump sum | 10405.45/-രൂ |
| 5 | Total Amount | 500000/-രൂ |
| 6 | ഈടാക്കേണ്ടിയിരുന്ന സെൻറേജ് ചാർജ് | 43519.61/-രൂ |
| | അധികം നല്കിയ സെൻറേജ് ചാർജ്ജ് | 10880/-രൂ |

ബിൽ നം.13, തീ-29-05-2018 പ്രകാരം വികസന ഫണ്ട് 500000/- രൂപ പിൻവലിച്ച് കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തി.

ടി പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 2 പ്രവൃത്തികളിലായി സെൻറേജ് ചാർജ്ജ് ഇനത്തിൽ അധികമായി കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയിട്ടുള്ള (7771+10880) 18651/- രൂപ നിരാകരിക്കുന്നു. ടി തുക കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

നിരാകരണം – 18651/- രൂപ

ഓഡിറ്റ് അന്വേഷണം - 2/16-09-2020

3-3 പോറ്റിമുക്ക് - ചെറുവല്ലൂർ റോഡ് പുനരുദ്ധാരണംകാലി ബാരൽ വില ഈടാക്കിയിട്ടില്ല, 8430/- രൂപയുടെ നഷ്ടം

പ്രവൃത്തി - പോറ്റിമുക്ക് – ചെറുവല്ലൂർ റോഡ് പുനരുദ്ധാരണം

അടങ്കൽ തുക – 11,00,000/- രൂപ

കരാറുകാരൻ - ശ്രീ. മോഹനൻ പിള്ള

കരാർ 35/AEE/LSGD/VTB/1718, Dt.26-01-2018

ടി പ്രവൃത്തിയിൽ താഴെ കൊടുത്തിരിക്കും പ്രകാരം ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്.

എസ്എസ്1-433.5 കി.-3 ബാരൽ

ആർ എസ്-1-393 കി 3ബാരൽ

വി ജി-30-3608 കി 24 ബാരൽ

ആകെ - 30 ബാരൽ

എന്നാൽ അന്തിമ ബില്ലിൽ നിന്നും 30 കാലിന്റെ വിലയായ 30x281 = 8430/- രൂപ ഈടാക്കിയിട്ടില്ല.

അന്തിമ ബിൽ തുക – 835770/- രൂപ

ബിൽ നം-13, തീയതി 31-07-2018

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം7, 18-09-2020) ടി തുക ഈടാക്കി രസീത് ഹാജരാക്കികൊള്ളാമെന്ന് മറുപടി ലഭ്യമാക്കി. കാലി ബാരൽ വില ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 8,430/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക – 8,430/- രൂപ

3-4 ലൈബ്രറിക്ക് ഉപകരണങ്ങൾ (26/19), അപാകതകൾ മൂലം 33,640/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് - ലൈബ്രറിക്ക് ഉപകരണങ്ങൾ (26/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ തുക – 3,00,000/- രൂപ (വികസനഫണ്ട്)

ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 13-02-2019 ലെ 3(7) നമ്പർ തീരുമാന പ്രകാരം ലൈബ്രറികൾക്ക് ഉപകരണങ്ങൾ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി താഴെ കൊടുത്തിരിക്കുംപ്രകാരം ഉപകരണങ്ങൾ വാങ്ങി നല്കുന്നതിന് തീരുമാനിച്ചു.

| ക്രമ നം | ലൈബ്രറിയുടെ പേര് | നല്കുന്ന ഉപകരണം |
|---|---|---|
| 1 | പെൻഷനേഴ്സ് ലൈബ്രറി, പനവേലി | പബ്ളിക് അഡ്രസ്സ് സിസ്റ്റം |
| 2 | നാഷണൽ ലൈബ്രറി, കൈതോട് | പബ്ളിക് അഡ്രസ്സ് സിസ്റ്റം |
| 3 | ആനന്ദ് ലൈബ്രറി, കരിമ്പിൻപുഴ | പബ്ളിക് അഡ്രസ്സ് സിസ്റ്റം |
| 4 | ഷാജിലാൽ ലൈബ്രറി, നെല്ലിക്കുന്നം | പബ്ളിക് അഡ്രസ്സ് സിസ്റ്റം |
| 5 | സംസ്കൃതി ലൈബ്രറി, വെട്ടിക്കവല | പബ്ളിക് അഡ്രസ്സ് സിസ്റ്റം |
| 6 | ഇൻറലക്ചൽ ലൈബ്രറി, കുളക്കട | പബ്ളിക് അഡ്രസ്സ് സിസ്റ്റം |
| 7 | പ്ലാക്കാട് ലൈബ്രറി, പവിത്രേശ്വരം | കമ്പ്യൂട്ടർ |
| 8 | യദു പബ്ലിക്ക് ലൈബ്രറി, കുളക്കട കിഴക്ക് | എൽ സി ഡി പ്രൊജക്ടർ |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് എഫ് 1, സൊല്യൂഷ്യൻ എഴുകോൺ എന്ന സ്ഥാപനത്തിൽ നിന്നും 39,280/- രൂപ ചെലവഴിച്ച് 1 കമ്പ്യൂട്ടറും, (ബിൽ നം. 231/15-03-2019 ) കെൽട്രോണിൽ നിന്നും, 2,60,720/- രൂപ ചെലവഴിച്ച് (ബിൽ നം.253/22-03-2019 ) പബ്ളിക് അഡ്രസ്സ് സിസ്റ്റം 7 എണ്ണവും, എൽ.സി.ഡി പ്രൊജക്ടർ 1 എണ്ണവും വാങ്ങി. പ്രൊജക്ടറിന്റെ വില – 27,860/- രൂപ, പബ്ലിക് അഡ്രസ് സിസ്റ്റം 7 എണ്ണം വില – 2,35,480/- രൂപ, ആകെ – 2,63,340/- രൂപ. എന്നാൽ 2,60,720/- രൂപ മാത്രമേ കെൽട്രോണിന് നൽകിയിട്ടുള്ളൂ. രേഖകൾ പ്രകാരം 7 ലൈബ്രറികൾക്ക് പബ്ളിക് അഡ്രസ്സ് സിസ്റ്റവും, ഒരു ലൈബ്രറിക്ക് എൽ.സി.ഡി. പ്രൊജക്ടറും വിതരണം ചെയ്തതായാണ് പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയത്. തുടർന്ന് പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 6, 18-09-2020) പ്ലാക്കാട് ലൈബ്രറി, പവിത്രേശ്വരത്തിന് കമ്പ്യൂട്ടർ ആണ് നല്കിയിട്ടുള്ളതെന്നും കൈപ്പറ്റ് രസീത് നല്കിയപ്പോൾ തെറ്റിപ്പോയിട്ടുള്ളതാണെന്നും മറുപടി നല്കി. അതോടൊപ്പം ഉപകരണങ്ങളുടെ വിതരണം നടത്തിയ രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കി. ഇതിൽ പബ്ളിക് അഡ്രസ്സ് സിസ്റ്റം 7 എണ്ണം ലഭിച്ചതിൽ, ക്രമനം 1 മുതൽ 6 വരെയുള്ള ലൈബ്രറികൾക്ക് 6 എണ്ണം വിതരണം ചെയ്യുകയും, ആയത് ബന്ധപ്പെട്ട ലൈബ്രറി ഭാരവാഹികൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. രജിസ്റ്റർ പ്രകാരം പ്ലാക്കാട് ലൈബ്രറി, പവിത്രേശ്വരം കമ്പ്യൂട്ടർ കൈപ്പറ്റുകയും ചെയ്തു. ഇതിൽനിന്നും കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുള്ള പബ്ളിക് അഡ്രസ്സ് സിസ്റ്റം 7 എണ്ണത്തിൽ ഒരെണ്ണം വിതരണം ചെയ്തിട്ടില്ലായെന്നു കാണുന്നു. കൂടാതെ വിതരണം ചെയ്യാത്ത പബ്ളിക് അഡ്രസ്സ് സിസ്റ്റം ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തിട്ടില്ല. അംഗീകരിച്ച പ്രോജക്ട്, കമ്മിറ്റി തീരുമാനങ്ങൾ എന്നിവയ്ക്ക് വിരുദ്ധമായി അധികമായി പബ്ളിക് അഡ്രസ്സ് സിസ്റ്റം വാങ്ങിയ നടപടി അംഗീകരിക്കുന്നില്ല. ആയതിനാൽ പബ്ളിക് അഡ്രസ്സ് സിസ്റ്റം ഒരെണ്ണം വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുള്ള 33,640/- രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

നിരാകരണം – 33,640/- രൂപ

ഓഡിറ്റ് അന്വേഷണം - 6/18-09-2020

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 21.08.2019 & 22.08.2019 | കെ.എസ്.എ.കെ.എൽ.എം. പി.11/1320/19, തീയതി – 05.09.19 |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | 2018-19 | 2000000 | 5-ാം നമ്പർ അംഗൻവാടി കെട്ടിട | 400000 | 0 |

| | | | | | |
|---|---|---|---|---|---|
| ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് | | | നിർമ്മാണം | | |
| | | | 34-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം | 400000 | 0 |
| | | | 32-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം | 400000 | 0 |
| | | | 36-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം | 400000 | 0 |
| | | | 19-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം | 400000 | 0 |
| വെട്ടിക്കവല ഗ്രാമപഞ്ചായത്ത് | 2018-19 | 400000 | 65-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം | 0 | 400000 |
| പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് | 2018-19 | 500000 | കുറക്കാവ് കുടിവെള്ള പദ്ധതി | 342436 | 157564 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1,82,16,126 | ലൈഫ് &പി.എം.എ.വൈ | ലഭ്യമല്ല | ലഭ്യമല്ല |

പ്രോജക്റ്റ് പരിശോധനാവേളയിൽ ലഭ്യമായ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി, ചെക്ക് നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| PWD Electronics | ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിലേക്ക് ആധുനിക മൈക്ക് സെറ്റ് | 55/18-19 DT 19-8-2018 | 305000 | 292163 | 12837 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് വാർഡ് -2 മുകളുവിള ഭാഗം ഇടയാടിപ്പാറ കുഴൽ കിണർ സ്ഥാപിക്കൽ | 119/19-12-2018 | 128025 | 0 - | 128025 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പുത്തൂർ പ്രീമെട്രിക് ഹോസ്റ്റലിന് ബോർവെൽ നിർമ്മാണം | 115/ 19-12-2018 | 205470 | 0 | |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പകൽ വീടിന് കുഴൽ കിണർ | 118/ 19-12-2018 | 170155 | 0 | |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് വാർഡ് -2 മുകളുവിള ഭാഗംകുഴൽ കിണർ സ്ഥാപിക്കൽ | 230/15-3-2019 | 85530 | 0 | 85530 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | കക്കാട് കുന്നിൻപുറം കടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൈൻഷൻ | 13/29-5-2018 | 500000 | 367774 | 132226 |
| വാട്ടർ അതോറിറ്റി | വാട്ടർ അതോറിറ്റി ലൈൻ എക്സ്റ്റെൻഷൻ മേലില | 19/09-7-2018 | 350000 | 0 | 350000 |

പ്രോജക്ട് പരിശോധനാവേളയിൽ ലഭ്യമായ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നം/ തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. വായ്പ/ ഭവനനിർമ്മാണം | 2229/10 തസ്വഭവ 7.7.10 | 75,00,000 | 1350000 (മുതൽ ) 1412339 (പലിശ) | 7,50,000 | | തിരിച്ചടക്കാൻ ബാക്കിയുള്ള തുകകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. |
| ഐ.എ.വൈ/ ഭവനനിർമ്മാണം | 332/13 തസ്വഭവ 9.10.13 | 16025652 | 16025478 (മുതൽ ) 21,39,299 (പലിശ) | 0 | 0 | തിരിച്ചടക്കാൻ ബാക്കിയുള്ള തുകകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ / തീയതി |
|---|---|---|---|---|
| 1997-98 | 29 | 17276 | ബീനാകുമാരി | 118050400003/10-1-19 |
| | | 17278 | ചാന്ദിനി | 118050400002/4-1-19 |
| | | 17271 | ജയശ്രീ | 118050400001/17-12-18 |
| | | 25000 | സുലോചന പല്ലിശ്ശേരി | 118050400006/21-3-19 |
| | | 2000 | ടി. കെ. ഉത്തമൻ | 118050400004/101-1-19 |
| | | 14000 | ബാലചന്ദ്രൻ പിള്ള | 118050400005/23-1-19 |
| | | 3153 | ബാലചന്ദ്രൻ പിള്ള | 118050400007/21-3-19 |
| | | 95978 | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | - | 2001-02 | 5.13(i) | പുത്തൂർ പ്രീ-മെട്രിക് ഹോസ്പിറ്റലിലെ അന്തേവാസികൾക്ക് കട്ടിലും, കസേരയും വാങ്ങി വിതരണം | ലഭ്യമല്ല |
| 1998-99 | - | 2001-02 | 5.13(ii) | റഫറൻസ് ലൈബ്രറി വ്യാപനം | - |
| 1999-2000 | 28 | 2002-03 | 7.3(i) | ഗുണഭോക്തൃ കമ്മിറ്റി ചെലവ് അനുവദനീയമല്ല | - |
| 1999-2000 | 29 | 2002-03 | 7.3(ii) | അംഗൻവാടികൾക്ക് കെട്ടിടനിർമ്മാണംഅധികച്ചെലവ് നിരാകരിക്കുന്നു | - |
| 1999-2000 | 35 | 2002-03 | 7.3(iii) | ഭൂരഹിത പട്ടിക വിഭാഗ പുനരധിവാസപദ്ധതി യോഗ്യതയില്ലാത്ത വ്യക്തിക്ക് ധനസഹായം നൽകി | - |
| 2007-08 | 3-22 | 2010-11 | 5.4.2 | ഗവ. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി SGSRY പദ്ധതിയിൽ 31.3.08-ൽ അഡ്വാൻസ് നൽകി | - |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 216661097/-രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 164706977/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 111805/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 26,25,52,197/-രൂപ |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 51084/-രൂപ | ശ്രീ. വിഷ്ണു. ആർ, സെക്രട്ടറി |
| 3-2 | - | 18651/-രൂപ | ശ്രീ. വിഷ്ണു. ആർ, സെക്രട്ടറി |
| 3-3 | | 8430/-രൂപ | ശ്രീമതി മിത. വി. ധരൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | | 33640/-രൂപ | ശ്രീ. വിഷ്ണു. ആർ, സെക്രട്ടറി |
| | ആകെ | 111805/-രൂപ | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 196470/- | ശ്രീ. വിഷ്ണു. ആർ, സെക്രട്ടറി |
| 1-13 | 12837/- | ശ്രീ. വിഷ്ണു. ആർ, സെക്രട്ടറി |
| 1-14 | 1812890/- | ശ്രീ. വിഷ്ണു. ആർ, സെക്രട്ടറി |
| 1-20 | 401200/- | ശ്രീ. വിഷ്ണു. ആർ, സെക്രട്ടറി |
| 1-21 | 428992/- | ശ്രീ. വിഷ്ണു. ആർ, സെക്രട്ടറി |
| 1-22 | 700000/- | ശ്രീ. സുനിൽ കുമാർ. കെ. പട്ടികജാതി വികസന ഓഫീസർ |
| 1-23 | 705000/- | ശ്രീ. സുനിൽ കുമാർ. കെ. പട്ടികജാതി വികസന ഓഫീസർ |
| 1-24 | 3423467/- | ശ്രീമതി. ഒസീലബീവി. ഇ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-25 | 587500/- | ഡോ. നിസാം. എം. എ. സീനിയർ വെറ്റിനറി സർജൻ |
| 1-26 | 33577/- | ശ്രീ. സുബിൻ. എസ്. വ്യവസായ വികസന ഓഫീസർ |
| 1-27 | 640000/- | ശ്രീ. വിഷ്ണു. ആർ, സെക്രട്ടറി |
| 1-28 | 17310264/- | ശ്രീ. വിഷ്ണു. ആർ, സെക്രട്ടറി |
| ആകെ | 26,25,52,197/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുനിൽകുമാർ. കെ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, കൊല്ലം | മുടിയിൽ താഴതിൽ<br>ആയിക്കുന്നം,<br>ശാസ്താംകോട്ട പി ഒ, കൊല്ലം. |
| ശ്രീമതി ഒസീലബീവി. ഇ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ഇടത്വ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | നടയിൽ മേലതിൽ, നടുവിലത്തേരി, കാഞ്ഞാവള്ളി പി ഒ, കൊല്ലം |
| ശ്രീ. വിഷ്ണു. ആർ, സെക്രട്ടറി | സെക്രട്ടറി, ബ്ലോക്ക്പഞ്ചായത്ത് വെളിയനാട് | പുത്തൻപുരയ്ക്കൽ, എസ്.ആർ.പി, മാർക്കറ്റ് പി ഒ, തഴവ, കരുനാഗപ്പള്ളി-690539 |
| ശ്രീ. സുബിൻ. എസ്<br>വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ, വെട്ടിക്കവലബ്ലോക്ക് പഞ്ചായത്ത് | ബിംലാ മൻസിൽ, ചാണപ്പാറ പി ഒ കടയ്ക്കൽ- 691536 |
| ഡോ. എം. എ. നിസ്സാം വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, വെട്ടിക്കവലബ്ലോക്ക് പഞ്ചായത്ത് | "ബർക്കത്ത്"<br>കടയ്ക്കൽ റോഡ്<br>നിലമേൽ. പി.ഒ<br>-691535 |
| ശ്രീമതി മിത. വി. ധരൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് | ധന്യ, അക്ഷയ നഗർ 94<br>കടപ്പാക്കട, കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം പി11-31/2018/19.02.18 | 11 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം പി11-31/2018/19.02.18 | 7 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം പി11-31/2018/19.02.18 | 10 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം പി11-31/2018/19.02.18 | 4 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം പി11-31/2018/19.02.18 | 9 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം പി11-31/2018/19.02.18 | 6 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം പി11-31/2018/19.02.18 | 8 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി 1518(4)/14/08.07.14 | 9 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി 1518(3)/14/08.07.14 | 10 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി 1518(2)/14/08.07.14 | 12 |
| 2010-11 & 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി 1518(1)/14/08.07.14 | 17 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം പി11/1598/18.11.15 | 17 |
| 2014-15 & 2015-16 | കെ.എസ്.എ.കെ.എൽ.എം പി11/1598/18.11.15 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ.എസ്.എ.കെ.എൽ.എം പി11/1984/17/11.12.17 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.കെ.എൽ.എം പി11/52/17/17.04.19 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം -1

ഓഡിറ്റ് സാക്ഷ്യപത്രം

നം: കെ.എസ്.എ.കെ.എൽ.എം.പി-11/1034/20


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in


തീയതി – 20.11.2020

## ഓഡിറ്റ് സാക്ഷ്യപത്രം 2018-19

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷികധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.

<u>അനുബന്ധം -2</u>

<u>അനുബന്ധപത്രികകൾ</u>

<table>
<tr><td>1</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>2</td><td>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>3</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.